# ശാംഭവി

ത്രൈമാസിക

**Book 10 | October - December 2021 | Edition 4**



## പത്രാധിപക്കുറിപ്പ്

വാക്കിനെ നാം വേണ്ടവിധം മനസ്സിലാക്കേണ്ടതുണ്ട്. മനുഷ്യരെയെല്ലാം തുല്യരായി കാണാൻ നല്ല വാക്കുകൾ കൊണ്ടു മാത്രമേ കഴിയൂ. വിദ്യ എന്നാൽ തന്നെ വാക്സിദ്ധി നേടുക തന്നെയാണ്. സർട്ടിഫിക്കറ്റിന് വേണ്ടിയുള്ളതോ ജോലിയ്ക്ക് വേണ്ടിയുള്ള പഠനമോ വിദ്യയാവില്ല. മനുഷ്യനിൽ ഒളിഞ്ഞിരിയ്ക്കുന്ന സമ്പത്ത് വിദ്യ എന്ന് സമ്പത്താണ്. അത് ലോകസുഖവും കീർത്തിയും തരും. വിദേശ സഞ്ചാരത്തിൽ ബന്ധവും രാജസന്നിധിയിൽ അനിവാര്യതയും ആണെങ്കിലും നല്ല വാക്കുകൾ ഓതുവാനുള്ള ശീലമില്ലാത്തവന് വിദ്യ നേർവിപരീതഫലമേ നൽകൂ. മറ്റേത് അലങ്കാരവസ്തുക്കളേക്കാളും മനുഷ്യന് ഭംഗിയേകുന്നത് വാക്ക് തന്നെ. സംസ്ക്കാരസമ്പന്നമായ വാക്ക്. ഒരു സുഭാഷിതമിതാ -

*കേയൂരാ ന വിഭൂഷയന്തി പുരുഷം ഹാരാ ന ചന്ദ്രോജ്ജ്വലാഃ*
*ന സ്നാനം ന വിലേപനം ന കുസുമം നാലങ്കൃതാ മൂർദ്ധജാഃ*
*വാണ്യേകാ സമലങ്കരോതി പുരുഷം യാ സംസ്കൃതാ ധാര്യതേ*
*ക്ഷീയന്തേ ഖലു ഭൂഷണാനി സതതം വാഗ്ഭൂഷണം ഭൂഷണം*

പുസ്തകം 10 ലക്കം 4
ഒക്ടോബർ – ഡിസംബർ 2021

വരിസംഖ്യ സൌജന്യം

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ – 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ് കുമാർ
ഡോ. അജിതൻ പി.ഐ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
കെ.പി. ശ്രീധരൻ നമ്പൂതിരി

മുഖചിത്രം
അർച്ചന ഉണ്ണി

പുറംചട്ട രൂപകല്പന
ഉണ്ണി കൊണ്ടമറുക്

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ

മുദ്രണം
മമ ഓഫ് സെറ്റ് പ്രിന്റ്
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. ഷട്ത്രിംശന്നവമല്ലികാസ്തവഃ
2

2 സംസ്കൃതപഠനം (47)
3

3. കുട്ടികളുടെ വാല്മീകിരാമായണം (28)
7

4. ഔഷധസസ്യങ്ങൾ (34) കൂവളം
9

5. സ്തുതികുസുമാഞ്ജലി (7)
10

6. ബോധപഞ്ചദശിക
16

7. പരമാർത്ഥസാരം (15)
23

8. ലളിതാസഹസ്രനാമം (37)
28

9. ഭഗവദ്ഗീതാ - ഒരു പുനർവായന (26)
37

# ഷട്ത്രിംശന്നവമല്ലികാസ്തവഃ

സമ്പാദക : അപർണ്ണാദേവി എ.

*യാ മാതാ സദസദ്വിലക്ഷണപരാസംവിത്സ്വരൂപാ സദാ
ജാഗ്രത്സ്വപ്നസുഷുപ്തിവൃത്തിവിലസത്സ്ഫൂർതിഃ പരാ വൈഖരീ
ഇച്ഛാദിത്രയധർമിണീ പരഗുഹാഹംതാപ്രകാശാത്മികാ
താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*യാം മൂലാംബുജകർണികാപ്രവിലസത്കാമാഖ്യപീഠേ പരാം
സോമാർകാനലദീപ്തിമക്ഷരതനും ബാലാം വിമർശാത്മികാം
ധ്യായന്തഃ സഹസാ ഭജന്തി കവിതാപാണ്ഡിത്യമത്യദ്ഭുതം
താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*യാമമ്ഭോജമൃണാളതന്തുസുതനും വിദ്യുത്സഹസ്രപ്രഭാം
കൂജന്തീം കുളകുണ്ഡഖേലനപരാം പ്രാണാനിലോദ്യോജനീം
ഓഡ്യാണേ പരിചിന്തയന്തി കൃതിനഃ പീയൂഷവർഷാപ്തയേ
താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*യാം സ്മൃത്വാ മണിപൂരകേ രവിനിഭേ രൗദ്രേ കൃശാന്വാലയേ
പശ്യന്തീം പദവാക്യപദ്യരചനാപാണ്ഡിത്യസംവർധിനീം
വക്ത്രാംഭോരുഹസൗധനർതനനടീം പശ്യന്തി ശൈവാഃ സദാ
താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*യാം ധ്യായന്തി വിധൂതപാപഹൃദയാ ഹൃത്പുണ്ഡരീകാംബരേ
നിർദോഷാരുണരത്നദീപതുലിതാം പ്രജ്ഞാനസീമന്തിനീം
സംലബ്ധും സകലാത്മികാം പരമനഃകായപ്രവേശക്രിയാം
താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*യാം ജാലംധരബന്ധനോർധ്വഗമനാം ചക്രേ വിശുദ്ധൗ ശര-
ജ്ജ്യോത്സനാകാശനിഭേ സ്വരാക്ഷരലസദ്വ്യഷ്ടാബ്ജപത്രാന്വിതേ
ധ്യായന്ത്യാത്മസുഖാനുഭൂതിമമലാം ലബ്ധും ചിരംജീവിതാം
താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*യാം പശ്യന്തി പുരാണപുണ്യലസികാഃ ശ്രീദേശികാജ്ഞാധരാ
ഭ്രൂമധ്യദ്വിദളാംബുജപ്രവിലസച്ചാന്ദ്രീകലാം ശാശ്വതീം*

*നിത്യാനന്ദസുധാസമുദ്രലഹരീക്രീഡാനുഭൂത്യൈ സദാ*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*യാം പാർശ്വസ്ഥിതഹംസവർണവിലസദ്ബിന്ദൗ ത്രിവർണാ*
*ത്മികാം*
*പ്രദ്യുമ്നീയകലാമയീം നിജസുഖോദ്ബോധപ്രസാദോദയാം*
*സിദ്ധാന്താർഥരതാ ജിതേന്ദ്രീയകണാ ധ്യായന്ത്യഭേദായ വൈ*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*യാമർധേന്ദുസരോരുഹേർധശശഭൃദ്രൂപേ ഹിമാംശുപ്രഭേ*
*പശ്യന്ത്യാത്മസുഖായ വിസ്വനമയീം തത്തന്ത്രസംഖ്യാലവൈഃ*
*ഹൃല്ലേഖാമനുപാരഗാ നിയമിതപ്രാണാദിസർവേന്ദ്രിയാ-*
*സ്താം താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*രോധിന്യംബുരുഹേ ത്രികോണരുചിരേ ജ്യോത്സ്നാനിഭേ സർവദാ*
*ദ്വാത്രിംശല്ലവമാനനിസ്വനവഹാം പശ്യന്തി യാം ഖേചരീം*
*മായാക്രീഡനപേശലനിജപദാനന്ദാപ്തയേപ്യദ്ഭുതം*
*താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

*നാദാബ്ജേവരപദ്മരാഗമണിയഷ്ട്യാ സ്പർധമാനാം പരാം*
*ഗച്ഛന്തീം ശിവധാമ ഷോഢശലവധ്യാനാത്മികാം സംവിദാ*
*താരാനായകഭാനുസങ്ഗരസികാഃ പശ്യന്തി മുദ്രാന്വിതാ-*
*സ്താം താം നൗമി ത്രിപുരാം പരാപരമയീം സ്വാനന്ദസംവിത്തയേ*

---

# സംസ്കൃതപഠനം (47)

ഡി. പ്രകാശ്

(കഴിഞ്ഞ ലക്കം തുടർച്ച)

## രഘുവംശശ്ലോകം

*ആകാരസദൃശപ്രജ്ഞഃ*
*പ്രജ്ഞയാ സദൃശാഗമഃ*
*ആഗമൈഃ സദൃശാരംഭഃ*
*ആരംഭസദൃശോദയഃ* 15

പദങ്ങൾ : ആകാരസദൃശപ്രജ്ഞഃ പ്രജ്ഞയാ സദൃശാഗമഃ ആഗമൈഃ സദൃശാരംഭഃ ആരംഭസദൃശോദയഃ

## വിഭക്ത്യാദികൾ :

| | |
|---|---|
| ആകാരസദൃശപ്രജ്ഞഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| പ്രജ്ഞയാ | ആകാരാന്തഃ സ്ത്രീലിംഗഃ തൃതീയാ ഏകവചനം |
| സദൃശാഗമഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ആഗമൈഃ | അകാരാന്തഃ സ്ത്രീലിംഗഃ തൃതീയാ ബഹുവചനം |
| സദൃശാരംഭഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ആരംഭസദൃശോദയഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |

## സമാസാദികാര്യങ്ങൾ :

| | |
|---|---|
| ആകാരസദൃശപ്രജ്ഞഃ | ആകാരേണ സദൃശീ പ്രജ്ഞാ യസ്യ സഃ |
| സദൃശാഗമഃ | സദൃശഃ ആഗമഃ യസ്യ സഃ |
| സദൃശാരംഭഃ | സദൃശഃ ആരംഭഃ യസ്യ സഃ |
| ആരംഭസദൃശോദയഃ | ആരംഭേണ സദൃശഃ ഉദയഃ യസ്യ സഃ |

## പദാർത്ഥങ്ങൾ :

| | |
|---|---|
| ആകാരസദൃശപ്രജ്ഞഃ | ആകൃതിയ്ക്ക് സമാനമായ ബുദ്ധിയുള്ളവൻ |
| പ്രജ്ഞയാ | ബുദ്ധിയോട് |
| സദൃശാഗമഃ | സദൃശമായ ശാസ്ത്രജ്ഞാനമുള്ളവൻ |
| ആഗമൈഃ | ശാസ്ത്രജ്ഞാനത്തോട് |
| സദൃശാരംഭഃ | സദൃശമായ പ്രവൃത്തിയുള്ളവൻ |
| ആരംഭസദൃശോദയഃ | പ്രവൃത്തിയോട് സദൃശമായ ഫലസിദ്ധിയുള്ളവൻ |

**അന്വയം /ഗദ്യക്രമം** : (ഈ ശ്ലോകത്തിൽ ക്രിയാപദങ്ങൾ ഇല്ല. അതു കൊണ്ട് ക്രിയാപദവും ആവശ്യമുള്ള മറ്റു പദവും നാം സ്വീകരിയ്ക്കുന്നു.)

സഃ ആകാരസദൃശപ്രജ്ഞഃ പ്രജ്ഞയാ സദൃശാഗമഃ ആഗമൈഃ സദൃശാരംഭഃ ആരംഭസദൃശോദയഃ ച ആസീത്.

**അന്വയാർത്ഥം** : അദ്ദേഹം ആകൃതിയ്ക്ക് സദൃശമായ പ്രജ്ഞയുള്ളവനും പ്രജ്ഞയോട് സദൃശമായ ശാസ്ത്രജ്ഞാനമുള്ളവനും ശാസ്ത്രജ്ഞാനത്തോട് സദൃശമായ പ്രവൃത്തിയുള്ളവനും പ്രവൃത്തിയ്ക്ക് സദൃശമായ ഫലസിദ്ധിയുള്ളവനും ആയിരുന്നു.

**സാരം** : ഒരു രാജാവിൻെറ അഥവാ ഒരു ചക്രവർത്തിയുടെ വ്യക്തിത്വം എപ്രകാരം ആകണമെന്നിവിടെ കവി പറയുന്നു. ശരീരാകൃതി, ബുദ്ധിവൈഭവം, ശാസ്ത്രജ്ഞാനം, പ്രവൃത്തി, നേട്ടം എന്നിവ ക്രമത്തിൽ ഒന്നിനൊന്ന് അനുഗുണമായതായിരിയ്ക്കണം എന്നിവിടെ നിർദ്ദേശിയ്ക്കുന്നു. നല്ല ശാരീരികക്ഷമതയുള്ളതും ആകർഷകമായതുമായിരിയ്ക്കണം ഒരു രാജാവിൻെറ ശരീരം. കേവലം ഇപ്രകാരമുള്ള ശരീരം മാത്രം പോരാ. കാണാൻ മാത്രമുള്ള ഒരു ശരീരം കൊണ്ടോ ബലിഷ്ഠവും ആരോഗ്യപൂർണ്ണവുമായ ശരീരംകൊണ്ടോ കാര്യമില്ല. പിന്നെ അതിൽ ഉണർവുള്ളതും തെളിമയാർന്നതും കനിവോലുന്നതുമായ ബുദ്ധിയുണ്ടായിരിയ്ക്കണം. അതിനൊത്ത ശാസ്ത്രജ്ഞാനം വേണം. വിവിധ ശാസ്ത്രങ്ങളിലും മറ്റുമുള്ള പ്രായോഗിക പരിജ്ഞാനം ആവശ്യമാണ്. അതുപോലെ കേവലമായ അറിവുകൊണ്ട് കാര്യമില്ല. അവയെ നടപ്പിലാക്കുവാനുള്ള ധീരനായിരിയ്ക്കണം. ഇതെല്ലാം ഇതിലൂടെ ചുരുങ്ങിയ വാക്കുകളെകൊണ്ട് വിശദമാക്കുന്നു.

***ഭീമകാന്തൈർനൃപഗുണൈഃ***
***സ ബഭൂവോപജീവിനാം***
***അധൃഷ്യശ്ചാഭിഗമ്യശ്ച***
***യാദോരത്നൈരിവാർണവഃ 16***

**പദങ്ങൾ** : ഭീമകാന്തൈഃ നൃപഗുണൈഃ സഃ ബഭൂവ ഉപജീവിനാം അധൃഷ്യഃ ച അഭിഗമ്യഃ ച.

## വിഭക്ത്യാദികൾ :

| | |
|---|---|
| ഭീമകാന്തൈഃ | അകാരാന്തഃ പുല്ലിംഗഃ തൃതീയാബഹുവചനം |
| നൃപഗുണൈഃ | അകാരാന്തഃ പുല്ലിംഗഃ തൃതീയാബഹുവചനം |
| സഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ഉപജീവിനാം | ഇന്നന്തഃ പുല്ലിംഗഃ ഷഷ്ഠീബഹുവചനം |
| അധൃഷ്യഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| അഭിഗമ്യഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ച | അവ്യയം |

| | |
|---|---|
| യാദോരത്നൈഃ | അകാരാന്തഃ നപുസകലിംഗഃ തൃതീയാ ബഹുവചനം |
| ഇവ | അവ്യയം |
| അർണവഃ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |

## ധാത്വാദികൾ :

| | |
|---|---|
| ബഭൂവ | ഭൂധാതുഃ പരസ്മൈപദീ ലിട് പ്രഥമപുരുഷഃ ഏകവചനം |

| | | |
|---|---|---|
| ബഭൂവ | ബഭൂവതുഃ | ബഭൂവുഃ |
| ബഭൂവിഥ | ബഭൂവഥുഃ | ബഭൂവ |
| ബഭൂവ | ബഭൂവിവ | ബഭൂവിമ |

## സമാസാദികാര്യങ്ങൾ :

| | |
|---|---|
| ഭീമകാന്തൈഃ | ഭീമാഃ ച കാന്താഃ ച. തൈഃ |
| നൃപഗുണൈഃ | നൃപസ്യ ഗുണാഃ. തൈഃ |
| അധൃഷ്യഃ | ധർഷയിതും ശക്യഃ ധൃഷ്യഃ. ന ധൃഷ്യഃ |
| അഭിഗമ്യഃ | അഭിഗന്തും യോഗ്യഃ |
| യാദോരത്നൈഃ | യാദാംസി ച രത്നാനി ച. തൈഃ |

## പദാർത്ഥങ്ങൾ :

| | |
|---|---|
| ഭീമകാന്തൈഃ | ഭീതിജനകങ്ങളും രമണീയങ്ങളുമായവകളാൽ |
| നൃപഗുണൈഃ | നൃപൻെറ ഗുണങ്ങളാൽ |
| സഃ | അദ്ദേഹം |
| ഉപജീവിനാം | ഉപജീവികൾക്ക് |
| അധൃഷ്യഃ | പരാജയപ്പെടുത്തുവാൻ സാധ്യമല്ലാത്തവൻ |
| അഭിഗമ്യഃ | സമീപിയ്ക്കുവാൻ യോഗ്യനായവൻ |
| ച | ഉം |
| യാദോരത്നൈഃ | ജലജന്തുക്കളോടും രത്നങ്ങളോടും കൂടിയ |
| ഇവ | പോലെ |

| | |
|---|---|
| അർണവഃ | സമുദ്രം |
| ബഭ്രുവ | ആയിരുന്നു |

**അന്വയം /ഗദ്യക്രമം**

സഃ ഭീമകാന്തൈഃ നൃപഗുണൈഃ യാദോരത്നൈഃ അർണവഃ ഇവ ഉപജീവിനാം അധൃഷ്യഃ ച അഭിഗമ്യഃ ച ബഭ്രുവ

**അന്വയാർത്ഥം** : അദ്ദേഹം ഭീമകാന്തങ്ങളായ നൃപഗുണങ്ങളാൽ യാദോരത്നങ്ങളോട് കൂടിയ അർണ്ണവം പോലെ അധൃഷ്യനും അഭിഗമ്യനും ആയിരുന്നു.

**സാരം** : ദിലീപ മഹാരാജാവ് ഒരേ സമയം ആരാലും പരാജയപ്പെടുത്തുവാൻ സാധ്യമല്ലാത്തവനും സമീപിയ്ക്കേണ്ടവനും ആണ് എന്ന് ഈ ശ്ലോകം ഉപമാലങ്കാരത്തിലൂടെ വ്യക്തമാക്കുന്നു. ദുഷ്ടന്മാർക്കും ശത്രുക്കൾക്കും അദ്ദേഹത്തെ വഞ്ചിയ്ക്കുവാനോ കീഴ്പെടുത്തുവാനോ സാധിയ്ക്കുകയില്ല. എന്തെന്നാൽ അവരെ അവ്വിധം ഭയപ്പെടുത്തുന്ന ഗുണങ്ങൾ അദ്ദേഹത്തിലുണ്ട്. എന്നാൽ ശിഷ്ടന്മാർക്ക് അതായത് നല്ലാളുകളായ ദീനരും ദയാർഹരും അലംബഹീനരുമായവർക്ക് അദ്ദേഹത്തെ ആശ്രയിയ്ക്കുവാൻ സാധിയ്ക്കും. എന്തെന്നൽ അവരെ സഹായിയ്ക്കുവാനുള്ള ഗുണങ്ങൾ അദ്ദേഹത്തിലുണ്ട്. ഇത് മനസ്സിലാക്കി തരുവാനും വ്യക്തമാക്കുവാനും ദിലീപ മഹാരാജാവിനെ സമുദ്രത്തോടാണ് ഉപമിക്കുന്നത്. സമുദ്രത്തിൽ ജലജന്തുക്കൾ ഉള്ളതുകൊണ്ട് സമുദ്രത്തിലേയ്ക്ക് ഇറങ്ങി ചെല്ലുവാൻ ഭയക്കണം. എന്നാൽ രത്നങ്ങളുടെ കലവറ ആയതുകൊണ്ട് സമുദ്രത്തെ ആശ്രയിയ്ക്കേണ്ടതുമാണ് എന്ന് പറയുന്നതുപോലെയാണ് ദിലീപ മഹാരാജാവും.

(തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം 28



ഉണ്ണികൃഷ്ണൻ കിഴുത്താനി  ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

പ്രിയ ശാംഭവി കൂട്ടുകാരേ,

അത്രി മഹർഷിയുടെ പതിവ്രതാരത്നമായ അനുസൂയയും സീതാദേവിയുമായുള്ള സംവാദം നിങ്ങൾക്ക് അനുഭൂതിയുടെ അനന്തതലങ്ങൾ പകർന്നു

നല്കി എന്നു വിശ്വസിയ്ക്കുന്നു. ഇതുപോലുള്ള ഹൃദയ സംവാദങ്ങളാണ് വാല്മീകി രാമായണത്തിന്റെ കാലാതിവർത്തിയായ കരുത്ത് തുറന്നു കാണിയ്ക്കുന്നത്. ഭാര്യാഭർത്തൃബന്ധം ഏറ്റവും പരിപാവനമായി സൂക്ഷിയ്ക്കേണ്ടതാകണെന്നും വിവാഹമോചനക്കേസുകൾ വർദ്ധിച്ചുവരുന്ന സമകാലീനസമൂഹത്തിൽ അനസൂയ-സീതാ സംവാദം മുന്നറിയിപ്പ് നല്കുന്നു. ഭാരതീയ സംസ്കൃതിയുടെ അകക്കാമ്പ് തുറന്നു കാണിയ്ക്കുക കൂടിയാണ് മഹാനായ വാല്മീകി മഹർഷി ഇതുപോലുള്ള സ്ത്രീരത്നങ്ങളുടെ ജീവിതവീക്ഷണത്തിലൂടെ.

കൂട്ടുകാരേ, നമ്മൾ അടുത്തതായി പ്രവേശിയ്ക്കുന്നത് ആരണ്യകാണ്ഡത്തിലേയ്ക്കാണ്. പേരു സൂചിപ്പിയ്ക്കുന്നതുപോലെ ആരണ്യസംസ്ക്കാരം ഭാരതത്തിന്റെ അന്തഃസത്ത തന്നെയാണ്. കാടിന്റെ ഔന്നത്യവും ഗാംഭീര്യവും വാക്കുകളാൽ വിശേഷിപ്പിയ്ക്കാൻ അസാദ്ധ്യമാണ്. ആരണ്യപിതാക്കൾ എന്നാണ് മഹർഷിശ്രേഷ്ഠന്മാരെ സ്വർഗ്ഗസ്ഥയായ നമ്മുടെ പ്രിയ കവയത്രി ബാലാമണിയമ്മ സംബോധന ചെയ്തത്. അവർ അറിഞ്ഞു സമ്മാനിച്ച ആത്മീയധനമാണ് ഭാരതത്തിന്റെ മികച്ച മൂലധനം. നീർച്ചോലകളുടെ കളകളാരവവും പക്ഷിമൃഗാദികളുടെ വൈരം വെടിഞ്ഞുള്ള ചേഷ്ടകളും തപസ്സുകൊണ്ട് പവിത്രമാക്കപ്പെട്ട ഋഷി കവാടങ്ങളും ശ്രീരാമനിൽ എന്തെന്നില്ലാത്ത ഭാവഹാവാദികൾ സമുല്പാദിപ്പിച്ചു. ത്രികാലജ്ഞരായ മഹർഷിശ്രേഷ്ഠന്മാർ ശ്രീരാമസീതാ-ലക്ഷ്മണന്മാരുടെ ആഗമത്താൽ ഏറെ സന്തുഷ്ടരായി. ആതിഥ്യം സ്വീകരിച്ചശേഷം ഇവർ വനാന്തർഭാഗത്തേയ്ക്ക് പ്രവേശിച്ചു. നരഭോജിയും പർവ്വതാകാരനുമായ ഒരു ഘോരസത്വമാണ് ആദ്യമായി അവരെ അഭിമുഖീകരിച്ചത്. വെറുപ്പു തോന്നുന്ന ഈ ഘോരരൂപത്തിന്റെ വായിൽനിന്ന് എപ്പോഴും ചുടുചോര ഇറ്റിറ്റു വീണുകൊണ്ടിരുന്നു. മൂന്നു സിംഹങ്ങൾ, നാലു കടുവകൾ, രണ്ടു ചെന്നായ്ക്കൾ, പത്തു പുള്ളിമാനുകൾ, ഒരു ആനത്തല ഇവയെല്ലാം ഇരുമ്പു ശൂലത്തിൽ കോർത്ത് ആർത്തട്ടഹസിച്ചുകൊണ്ട് ആ സത്വം അവർക്കു നേരെ ഈറ്റപ്പുലിയെപ്പോലെ പാഞ്ഞടുത്തു. തപോനിഷ്ഠരായ മുനിശ്രേഷ്ഠന്മാരുടെ കർമ്മാനുഷ്ഠാനങ്ങൾക്ക് വിഘ്നമുണ്ടാക്കി, അവരെ പിടിച്ചു ഭക്ഷിയ്ക്കുന്ന വിരാധനെന്ന രാക്ഷസനായിരുന്നു അത്. തപോബലംകൊണ്ട് സ്വായത്തമാക്കിയ ശക്തിയുടെ പിൻബലത്താൽ അജയ്യനായി കാടടക്കി വാഴുകയായിരുന്നു വിരാധൻ. വളരെയേറെ പണിപ്പെട്ട് ശ്രീരാമലക്ഷ്മണന്മാർ ആ ഭീകരരൂപിയെ കീഴടക്കി. അവയവങ്ങളോരോന്നായി വൻമരങ്ങളെന്നപോലെ വെട്ടിയൊതുക്കി, അവസാനം രാക്ഷസൻ മലപോലെ മരിച്ചുവീണു. അഹങ്കാരം മൂലം മദോന്മത്തനായി, അഴിഞ്ഞാടുന്ന തംബുരു എന്ന ഗന്ധർവ്വനായിരുന്നു താനെന്നും സാത്വികരേയും പാവപ്പെട്ടവരേയും ഉപദ്രവിയ്ക്കുന്നതിൽ സാഫല്യം കണ്ടെത്തുന്ന പ്രകൃതമായിരുന്നു തന്റേതെന്നും ഗന്ധർവ്വൻ മരിയ്ക്കുന്നതിനു മുമ്പായി ഏറ്റു പറഞ്ഞു. തപോബലത്താൽ അജയ്യനായ ഗന്ധ

ർവ്വനെ എതിർത്തു തോല്പിയ്ക്കുക എളുപ്പമല്ലായിരുന്നു. അങ്ങനെയിരിയ്ക്കെ വൈശ്രവണന്റെ ശാപത്താൽ ഇപ്രകാരമായിത്തീരുകയാണുണ്ടായ തെന്നും ഗന്ധർവ്വൻ ദയനീയമായി അറിയിച്ചു. ശ്രീരാമചന്ദ്രന്റെ കാരുണ്യ ത്താൽ പഴയ രൂപം തിരിച്ചുകിട്ടുമെന്നും വൈശ്രവണൻ ശാപമോക്ഷം നല്കി. അറിയാതെ ചെയ്തുപോയ കുറ്റകൃത്യങ്ങൾ ക്ഷമിച്ചു മാപ്പുനല്കണമെന്നപേ ക്ഷിച്ച ഗന്ധർവ്വനെ ആശ്രിതവത്സലനായ ശ്രീരാമൻ അനുഗ്രഹിച്ച് സ്വർഗ്ഗ ത്തിലേയ്ക്കു തിരിച്ചുപോകാനനുവാദം നല്കി.

ഇമ്മാതിരി സംഭവങ്ങൾ ശ്രീരാമസീതാ-ലക്ഷ്മണന്മാരെ ശാരീരികവും മാനസികവുമായി ഏറെ പരിക്ഷീണരാക്കി. പ്രകൃതി കനിഞ്ഞരുളി സമ്പുഷ്ട മാക്കിയ ഭൂവിഭാഗങ്ങൾ മാടിവിളിയ്ക്കുമ്പോഴും ഇതുപോലുള്ള സത്വങ്ങൾ എല്ലാ സ്വസ്ഥതയും ഇല്ലായ്മ ചെയ്യുമെന്ന് വാല്മീകി യാഥാർത്ഥ്യബോധത്തോടെ വരച്ചുകാണിച്ചു തന്നിരിയ്ക്കുന്നു. ധർമ്മപരിപാലനാർത്ഥം യാഗരക്ഷ ചെയ്ത ശ്രീ രാമന്റെ ആഗമനവും അല്പകാലത്തെ അവിടുത്തെ വാസവും കുറെയേറെ ദുർമ്മാർഗ്ഗികളെ ഇല്ലായ്മ ചെയ്യാൻ വഴിവെച്ചു. അങ്ങനെ അവർ ആ പ്രദേ ശത്തോട് വിടപറഞ്ഞു. ഭക്തശിരോമണിയും തപോധനനുമായ ശരഭ ങ്ഗന്റെ ആശ്രമം കണ്ടെത്തുകയായിരുന്നു അവരുടെ അടുത്ത ലക്ഷ്യം. കുറെയേറെ സഞ്ചരിച്ച് അവസാനം ആശ്രമ സമീപത്ത് എത്തിച്ചേർന്നു. ഈരേഴ പതിന്നാലു ലോകങ്ങളിലും സമാരാദ്ധ്യനായിരുന്നു ഈ താപസശ്രേ ഷ്ഠൻ. ശരഭങ്ഗാശ്രമത്തെ സമീപിച്ച ശ്രീരാമൻ അത്യത്ഭുതകരമായ ഒരു കാഴ്ച യാണ് കണ്ടത്. ദേവനായകനായ ദേവേന്ദ്രൻ ശരഭങ്ഗനുമായി കുശലപ്ര ശ്നം നടത്തുന്നു. നിഷ്ക്കാമകർമ്മം അനുഷ്ഠിയ്ക്കുന്നവർക്കു മുമ്പിൽ സർവ്വത്രം സർവ്വരും തലകുനിയ്ക്കുമെന്ന് കൃതഹസ്തനായ വാല്മീകി മഹർഷി വരച്ചുകാ ണിയ്ക്കുന്നു. മഹാകവി വള്ളത്തോൾ വിശേഷിപ്പിച്ചപോലെ 'ത്യാഗമെന്നതേ നേട്ടം' എന്നത് ഇവിടെ അർത്ഥവത്താകുന്നു.

(തുടരും)

---

ഔഷധസസ്യങ്ങൾ – 34

# കൂവളം

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

റൂട്ടേസി കുടുംബത്തിൽപ്പെട്ട കൂവളത്തിന്റെ ശാസ്ത്രനാമം ഈഗിൾ മാ ർമെലോസ് എന്നാണ്. സംസ്കൃതത്തിൽ വില്വം, ശാണ്ഡില്യം തുടങ്ങിയ പേ രുകളുമുണ്ട്. ഭാരതത്തിൽ സാർവ്വത്രികമായി കണ്ടുവരുന്നു. കൂവളത്തില ശി വക്ഷേത്രങ്ങളിൽ അതീവ പ്രാധാന്യമർഹിക്കുന്നു. വിഷശമന ശക്തിയുണ്ട്

കൂവളത്തിന്. കഫം, നീര് ഇവയും ഇല്ലായ്മ ചെയ്യുന്നു. കൂവളക്കായയുടെ അകത്തുള്ള ജെല്ലിപോലുള്ള ഭാഗം മലശോധന ഉണ്ടാക്കും. മാത്രമല്ല, ഉദരകൃമിനാശകവുമാണ്. പ്രമേഹ രോഗത്തെ ചെറുത്തു തോല്പിയ്ക്കാനുള്ള അപാരശക്തി അടങ്ങിയിരിയ്ക്കുന്നു. ഇലയിൽനിന്നുല്പാദിപ്പിയ്ക്കുന്ന എണ്ണയ്ക്ക് രോഗാണുനാശക ശക്തിയുണ്ട്.

ആയുർവേദ ഔഷധങ്ങളിലെ ദശമൂലത്തിലെ ഒരു ഘടകമാണ് കൂവളവേര്. കൂവളം നശിപ്പിയ്ക്കുന്നത് അശുഭമായി ഹിന്ദുക്കൾ കരുതുന്നു. 'ശ്രീഫലം' എന്ന പേരുതന്നെ തികച്ചും അന്വർത്ഥമാണ്. കൂവളക്കായിലെ മജ്ജ തുരന്നെടുത്തശേഷം അതിൽ ഭസ്മം നിറച്ച് കുറിയിട്ടാൽ അഭീഷ്ടസിദ്ധി ഉണ്ടാകുമെന്ന് കാലങ്ങളായി വിശ്വസിച്ചു പോരുന്നു. ഇലയുടെ നീരിൽ തേൻ ചേർത്ത് ജലദോഷപ്പനിയ്ക്ക് സിദ്ധൗഷധമായി ഉപയോഗിയ്ക്കുന്നു.

കൂവളത്തില ഇടിച്ചു പിഴിഞ്ഞ നീരെടുത്ത് എണ്ണകാച്ചി ഉപയോഗിച്ചാൽ ചെവി വേദന, പഴുപ്പ് എന്നിവയ്ക്ക് ശമനം കിട്ടും. ഇതിന്റെ സ്വരസം 10-15 മി.ലി. വരെ പതിവായി വെറും വയറ്റിൽ സേവിച്ചാൽ പ്രമേഹരോഗത്തിന് ശമനമുണ്ടാകുമെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

കൂവളവേര് കഷായം വെച്ച് അതിൽ മലർപ്പൊടിയും തേനും ചേർത്ത് കഴിച്ചാൽ അതിസാരം, ഛർദ്ദി എന്നിവ മാറും.

കൂവളവേര് പ്രധാന ചേരുവയായ വില്വാദി ഗുളിക വിഷബാധകൾക്ക് ഉത്തമമാണ്. വില്വാദി ലേഹം, വില്വപത്രതൈലം എന്നിവയിലും പ്രധാന ചേരുവ കൂവളം തന്നെയാണ്.

കൂവളപ്പൂവ് അതിസാരത്തേയും അമിതദാഹത്തേയും ഇല്ലാതാക്കുന്നു.

---

ശ്രീ ജഗദ്ധരഭട്ട വിരചിതം

# സ്തുതികുസുമാഞ്ജലി (7)

മുരളീകൃഷ്ണൻ എം.വി.

ഗവേഷക വിദ്യാർത്ഥി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

(കഴിഞ്ഞ ലക്കം തുടർച്ച)

**സ്തുതി- 26**

*ലോകത്രയാഭ്യുദയജൻമമഹീ മഹീയഃ*
*സ്ഥാനാധിരോഹണവിധാവധിരോഹിണീ യാ*
*സാ ചന്ദ്രചൂഡമുകടധ്വജവൈജയന്തീ*

*ജഹ്നോരനിഹ്ന തനയാ തനയാവതാദ്വഃ*

അർത്ഥം - ഏതാണോ മൂന്നു ലോകങ്ങളിലും വച്ച് അഭിവൃദ്ധമായ ഉത്തമ മായ സ്വർഗത്തിൽ നിന്ന് അധിക പൂജനീയ സ്ഥാനത്തിലേക്കുള്ള കോണി യായതും, അതുപോലെ ആ മൂന്നു ലോകങ്ങൾക്കും അഭിവൃദ്ധിയെ പ്രദാനം ചെയ്ത് ജീവജാലങ്ങൾക്ക് ധർമനീതിയെ പ്രകടമാക്കുന്ന ശ്രീസദാശിവന്റെ മുകുടരൂപത്തിലുള്ള ധ്വജത്തിൽ പതാകയെന്നപോലെ ശോഭിക്കുന്ന ജാഹ്നവി (ഗംഗ) നിങ്ങളെ രക്ഷിക്കട്ടെ.

## സ്തുതി– 27

*ഭാലാഗ്നികീലകലിതാഖിലരന്ധ്രഭാഗം*
*ഭർഗസ്യ വോ ദിശതു ശർമ ശിരഃകപാലം*
*യത്കാലവഹ്നിവപുഷഃ പചതഃ പ്രഭൂത-*
*ഭൂതവ്രജം വ്രജതി തസ്യ മഹാനസത്വം*

അർത്ഥം - ഏതൊരു കപാലമാണോ പ്രളയകാലത്തിലും സമഗ്രമായി ജീവജാലങ്ങൾക്ക് ഭക്ഷണത്തെ പാകം ചെയ്ത് കാലാഗ്നിരുദ്രനായ ഭഗവാൻ ശങ്കരന്റെ അടുക്കളയെന്നപോലെ വർത്തിക്കുന്നത്, അതുപോലെ ആരുടെ പൊട്ടിയ ഭാഗമാണോ ശങ്കരന്റെ നെറ്റിയിൽ വിരാജിക്കുന്ന അഗ്നിയുടെ ജ്വാ ലകൊണ്ട് പൂർണമാകുന്നത്, ആ ഭഗവാൻ ശ്രീശങ്കരന്റെ കപാലം നിങ്ങൾ ക്ക് മോക്ഷലക്ഷ്മിയെ പ്രദാനം ചെയ്യട്ടെ.

## സ്തുതി– 28

*ചാന്ദ്രം ച ധാമ സുരനിർഝരിണീ ജലം ച*
*ഹസ്തസ്ഥഹേമകലശാമൃതജീവനം ച*
*സ്നിഗ്ധം ച ദൃഗ്വിലസിതം ഹസിതം സിതം ച*
*യുഷ്മാകമൂഷ്മശമനായ ഭവന്തു ശംഭോഃ*

അർത്ഥം - ശ്രീശങ്കരന്റെ ശിരസ്സിലെ ചന്ദ്രന്റെ പ്രകാശം, ഗംഗയിലെ ജലം, കയ്യിലുള്ള സുവർണ കലശത്തിലെ അമൃതജലം, കൃപാർദ്രമായ നേത്ര കമലങ്ങളിൽനിന്നുള്ള അതികോമളമായ ദൃഷ്ടി, മനോഹരമായ ചിരി, ഇങ്ങ നെയുള്ള ഭഗവാൻ ശങ്കരന്റെ അതിശീതളമായ വസ്തുക്കൾ നിങ്ങൾക്ക് സം സാരരൂപമായ മരുഭൂമിയിൽ ചുറ്റിനടന്നതു മൂലം ഉണ്ടായ സന്താപങ്ങൾക്ക് ശാന്തിയെ പ്രദാനം ചെയ്യട്ടെ.

## സ്തുതി– 29

*മൂർധ്നി ദ്യുസിന്ധുധവളേ ധവളേന്ദുലേഖാ*
*കൈലാസശൈലശിഖരേ ധവളശ്ച വാഹഃ*

*നീഹാരഹാരിണി വപുഷ്യപി ഭൂതിരേഷാ*
*പുഷ്ണാതു വഃ സദൃശസംഘടനാ ശിവസ്യ*

അർത്ഥം - ദേവഗംഗയുടെ പ്രവാഹത്താൽ വെളുത്ത, മസ്തകത്തിലുള്ള ചന്ദ്രന്റെ വെളുത്ത രേഖാ, വെളുത്ത സ്ഫടികമയമായ കൈലാസ പർവതത്തിന്റെ ശിഖരത്തിലുള്ള വെളുത്ത വൃഷഭമെന്ന പോലെയും, ഹിമവാന് സമാനമായി വെളുത്ത ശരീരം എന്നപോലെ വെളുത്ത ഭസ്മം ശരീരത്തിൽ ധരിച്ച ശിവൻ, ഇപ്രകാരത്തിൽ ശ്രീശങ്കരന്റെ സമാന വസ്തുവിൽ സമാന വസ്തുവിന്റെ കൽപന നിങ്ങൾക്ക് ശിവഭക്തിരൂപമായ അമൃതരസം കുടിച്ചാലെന്നപോലെ അതീവമായ പരിപുഷ്ടിയെ പ്രദാനം ചെയ്യട്ടെ.

## സ്തുതി– 30

*ഉത്തപ്തഹേമരുചി ചന്ദ്രകലാ കലാപേ*
*ബാലപ്രവാളരുചിരേ ച കരേ കപാലം*
*താമ്രേധരേ ച ഹസിതം സിതമദ്ഭുതേയം*
*വിച്ഛിത്തിരിന്ദുശിരസഃ കുശലം ക്രിയാദ്വഃ*

അർത്ഥം - അഗ്നിയുടെ ചൂടുകൊണ്ട് സുവർണ സമാനമായി ശങ്കരന്റെ ജടയിൽ വിരാജിക്കുന്ന വെളുത്ത ചന്ദ്രക്കലയും, അതുപോലെ കോമളമായ തളിരിന് സമാനമായി ചുവന്ന കൈപത്തിയിൽ സ്ഥിതിചെയ്യുന്ന വെളുത്ത കപാലവും, അപ്രകാരം ചുവന്ന അധരത്തിൽ വിരിയുന്ന വെളുത്ത സുന്ദരമായ ചിരിയും, ഇപ്രകാരത്തിൽ ഭഗവാൻ ശ്രീശങ്കരന്റെ ആശ്ചര്യജനകമായ വൈപരീത്യം (അതായത് ഒരു വർണത്തിലുള്ള വസ്തുവിൽ മറ്റൊരു വർണം സമ്മേളിക്കുമ്പോൾ ഉണ്ടാകുന്ന അദ്ഭുതശോഭ) നിങ്ങൾക്ക് എല്ലായ്പ്പോഴും കുശലത്തെ ചെയ്യട്ടെ.

## സ്തുതി – 31

*ശ്രേയഃ പ്രയച്ഛതു പരം സുവിശുദ്ധവർണാ*
*പൂർണാഭിലാഷവിബുധാധിപവന്ദനീയാ*
*പുണ്യാ കവിപ്രവരവാഗിവ ബാലചന്ദ്ര-*
*ചൂഡാമണേശ്ചരണരേണുകണാവലീ വഃ*

അർത്ഥം - എപ്രകാരമാണോ സുവിശുദ്ധമായ വർണങ്ങൾ (അക്ഷരങ്ങൾ) ഉപയോഗിച്ച് പൂർണാഭിലാഷത്താൽ ശ്രേഷ്ഠരായ വിദ്വാന്മാരെ വന്ദിക്കുക വഴി പുണ്യമാകുന്നത്, അതുപോലെ അതിമനോഹരമായ മഹാകവിയുടെ വാക്കുകൾ എപ്രകാരമാണോ സഹൃദയലോകത്തിന് സന്തോഷത്തെ പ്രദാനം ചെയ്യുന്നത്, അപ്രകാരം വിശുദ്ധ വർണത്തോടു കൂടിയതും (വെളുത്തത്), ഇന്ദ്രാദി ദേവതകൾ അഥവാ ശ്രേഷ്ഠവിദ്വാന്മാർ പോലും വന്ദിക്കാൻ

യോഗ്യമായതും, പാപികൾക്കു പോലും പ്രണമിക്കുന്ന മാത്രയിൽ തന്നെ പവിത്രമായതിനെ പ്രദാനം ചെയ്യുന്ന ശ്രീശങ്കരന്റെ ചരണകമലത്തിലെ വിശുദ്ധമായ പൊടി നിങ്ങൾക്ക് പരമശ്രേയസ്സിനെ (മോക്ഷം) പ്രദാനം ചെയ്യട്ടെ.

## സ്തുതി – 32

*ഹാരീകൃതോല്ബണഫണീന്ദ്രഫണേന്ദ്രനീല-*
*നീലച്ഛവിച്ഛുരണശാരമുരഃസ്ഥലം വഃ*
*പുഷ്ണാതു നിഹ്നുതനഗേന്ദ്രസുതാകുചാഗ്ര-*
*കസ്തൂരികാമകരികാകിണമിന്ദുമൗലേഃ*

അർത്ഥം - കണ്ഠത്തിൽ മാലയ്ക്കു സമാനമായി നീളത്തിൽ കിടക്കുന്ന വാസുകിയുടെ ഫണത്തിലുള്ള ഇന്ദ്രനീലമണിയുടെ നീലനിറത്താൽ പ്രഭാസമായതും, അതുപോലെ ആലിംഗന സമയത്ത് പാർവതിയുടെ സ്തനത്തിലുള്ള കസ്തൂരിമാനിന്റെ ചിഹ്നത്തെ മറച്ചുവച്ച ഭഗവാൻ ശങ്കരന്റെ വക്ഷസ്ഥലം, നിങ്ങളുടെ ഹൃദയത്തിൽ ഭക്തിരസത്തെ ഉത്പാദിപ്പിച്ച് നിങ്ങളെ പുഷ്ടിപ്പെടുത്തട്ടെ.

## സ്തുതി – 33

*യുഷ്മാകമസ്തു നവനീലസരോജദാമ-*
*ശ്യാമദ്യുതിഃ സുമതയേ ശിതികണ്ഠകണ്ഠഃ*
*യഃ കേതകീധവളവാസുകിഭോഗയോഗാ-*
*ദ്ഗാങ്ഗൗഘഭിന്നഗഗനാങ്ഗനഭങ്ഗിമേതി*

അർത്ഥം - ഏതൊരു കണ്ഠമാണോ വാസുകിയുടെ ഫണത്തിന്റെ സംയോഗത്താൽ കേതകീ പുഷ്പം എന്ന പോലെ തോന്നുന്നത്, അതുപോലെ തന്നെ ഏത് കണ്ഠമാണോ ഗംഗയുടെ പ്രവാഹത്താൽ മുറിഞ്ഞ് ആകാശരൂപമായ അങ്കണം എന്നപോലെ സുശോഭിതമായത്, അപ്രകാരം പുതിയ നീലത്താമരയുടെ മാലപോലെ ഇരുണ്ട് ശോഭിച്ചിരിക്കുന്നത് ആരുടെ കണ്ഠമാണോ, ആ ശ്രീശങ്കരന്റെ നീലകണ്ഠം നിങ്ങൾക്ക് ബുദ്ധിയെ പ്രദാനം ചെയ്യട്ടെ.

## സ്തുതി – 34

*ക്ഷീരാർണവസ്യ ചരണാബ്ജതലേ നിവാസ-*
*മാസേദുഷസ്തനയമപ്രതിമപ്രസാദഃ*
*യോ മൂർദ്ധ്നി ലാലയതി ബാലമസൗദയാബ്ധിർ-*
*ദേവസ്തനോതു മുദമാശ്രിതവല്ലഭോ വഃ*

അർത്ഥം - ആരാണോ തുലനാത്മകമല്ലാത്ത പ്രസന്നതയോട്ടുകൂടി

സ്വന്തം ചരണകമലതലത്തിൽ നിവസിക്കുന്ന ക്ഷീരസാഗരത്തിന്റെ പുത്രനായ ബാലചന്ദ്രനെ സ്വന്തം ശിരസ്സിൽ ധരിച്ച് സ്നേഹിക്കുന്നത്, ആ ആശ്രിത വല്ലഭനായ കരുണാസാഗരനായ ദേവൻ നിങ്ങൾക്ക് പരമമായ ആനന്ദത്തെ പ്രദാനം ചെയ്യട്ടെ.

## സ്തുതി – 35

*യാ രാജഹംസശിഖിസംഭൃതകാന്തിരേതി*
*സദ്യസ്തിരോഹിതഘനാവരണാ പ്രസാദം*
*സാ പ്രാവൃഡന്തശരദാദിദിനേഷ്വിവ ദ്യൗ*
*ശംഭോരഭീഷ്ടഫലപാകകൃദസ്തു ദൃഗ്വഃ*

അർത്ഥം - എപ്രകാരമാണോ വർഷ ഋതുവിന്റെ അന്ത്യത്തിലേയും ശരത് ഋതുവിന്റെ പ്രാരംഭത്തിലേയും പകലുകളിൽ ആകാശം രാജഹംസത്താലും മയിലുകളാലും സുശോഭിതമാകുന്നത്, അതുപോലെ മേഘങ്ങളുടെ മൂടൽ ഇല്ലാത്തതിനാൽ ധാന്യങ്ങൾ പരിപാകമാകുന്നതും, തത്ഫലമായി നിർമലതയെ പ്രാപിക്കുന്നതു്, അപ്രകാരം ഏതൊരു ദൃഷ്ടിയാണോ സൂര്യൻ, ചന്ദ്രൻ, അഗ്നി ഇവകളാൽ സുശോഭിതമായത്, അപ്രകാരം എന്താണോ പ്രണമിക്കുന്ന സമയത്തുതന്നെ ഭക്തരുടെ അവിദ്യാരൂപമാകുന്ന മായയുടെ ദൃഢമായ ആവരണത്തെ മാറ്റി പ്രസന്നതയെ പ്രാപ്തമാക്കുന്നത്, ആ ശങ്കരന്റെ കരുണാമയിയായ ദൃഷ്ടി നിങ്ങളുടെ സകല അഭീഷ്ടങ്ങളേയും പരിപാകമാക്കട്ടെ.

## സ്തുതി – 36

*അന്തർധൃതാഹിമകരജ്വലനോദിതേന്ദുഃ*
*സ്വഃസിന്ധുസങ്ഗസുഭഗാ പരമേശ്വരസ്യ*
*ഔദന്വതീവ തനുരസ്തു ഗജാശ്വരത്ന-*
*ശ്രീലാഭകൃത്സുമനസാമമൃതായ ദൃഗ്വഃ*

അർത്ഥം - തന്റെയുള്ളിൽ ആന്തരീകമായി സ്ഥിതിചെയ്യുന്ന സർപ്പം, മുതല, ബഡവാനലൻ, ബാലചന്ദ്രൻ എന്നിവർ ഗംഗയുടെ സംഗമത്താൽ അതിരമണീയമായി സമുദ്രമെന്നപോലെ ഇന്ദ്രാദിദേവതകൾക്ക് ഐരാവതം, ഉച്ചൈശ്രവസ്സ് (കുതിര), രത്നം, ലക്ഷ്മി എന്നിവകളെ പ്രദാനം ചെയ്യുന്നത്, അപ്രകാരം തന്റെയുള്ളിൽ ആന്തരീകമായി സ്ഥിതിചെയ്യുന്ന സൂര്യൻ, അഗ്നി, ചന്ദ്രൻ എന്നിവർ മന്ദാകിനിയുടെ സംഗമത്താൽ അതിരമണീയമാക്കുന്നതും അതുപോലെ വിദ്വാന്മാർക്ക് ആന, കുതിര, ലക്ഷ്മി തുടങ്ങിയ മനോഭിലഷിതങ്ങളെ പ്രാപ്തമാക്കി തരുന്ന ആ പരമേശ്വരന്റെ ദൃഷ്ടി (ത്രിനേത്രങ്ങൾ) നിങ്ങൾക്ക് അമൃതത്തെ പ്രദാനം ചെയ്യട്ടെ.

## സ്തുതി – 37

*യത്രാഗ്നിരീപ്സതി കണം ന വിവൃത്യ ജിഹ്വാം*
*നൈതി പ്രതിക്ഷപമപേതവസുസ്തമർകഃ*
*ക്ഷീണസ്തമിന്ദുരപി ന ശ്രയതിശ്രിയേസ്തു*
*ശ്രീധാമ തത്പുരരിപോർനയനത്രയം വഃ*

അർത്ഥം - എപ്രകാരമാണോ ഒരു പുരുഷൻ ലക്ഷ്മീഗൃഹത്തിൻ നിവസിക്കുന്നത്, അവർ ആരോടും യാചിക്കുന്നതിനായിക്കൊണ്ട് സ്വന്തം നാക്ക് വിടർത്താൻ ആഗ്രഹിക്കുന്നില്ല, ധനഹീനൻ അല്ലാത്തയാൾ അത്യന്ത ദരിദ്രനായാലും ആരുടേയും ആശ്രയം നേടുകയുമില്ല. അപ്രകാരം ആരാണോ ലക്ഷ്മീനിവാസത്തിലുള്ള (അതായത് ശിവന്റെ തൃതീയനേത്രത്തിൽ സ്ഥിചെയ്യുന്ന) അഗ്നി എപ്പോഴും തൃപ്തനാകയാൽ സ്വന്തം നാക്ക് വിടർത്തി അന്നത്തിന്റെ ഒരു കണികപോലും ആഗ്രഹിക്കുന്നില്ല. എവിടെയാണോ സൂര്യൻ രാത്രിയിൽ തേജോഹീനനായി പ്രകാശിക്കാത്തത്, അപ്പോൾ അവിടെ സ്ഥിതി ചെയ്യുന്ന ചന്ദ്രൻ  അമാവാസിയിങ്കൽ നിസ്തേജനായി ആ സുര്യനെ ആശ്രയിക്കുന്നില്ല. ഇപ്രകാരം അഗ്നി, സുര്യൻ, ചന്ദ്രൻ എന്നീ മൂന്നു തേജോമയ പിണ്ഡങ്ങളെ ആന്തരികമായി ധരിച്ചിരിക്കുന്ന ആ ത്രിപുരാന്തകന്റെ മൂന്നുകണ്ണുകളും നിങ്ങൾക്ക് കല്യാണത്തെ പ്രദാനം ചെയ്യട്ടെ.

## സ്തുതി – 38

*അർക്കസ്യ നോദഗയനം ശിശിരേപി യത്ര*
*ശീതത്വിഷോ ന ബഹുലേപി കലാപലാപഃ*
*ക്ഷാമം ച ധാമ ന വഹത്യപി വഹ്നിരഹ്നി*
*തത്രായതാം പുരരിപോർനയനത്രയം വഃ*

അർത്ഥം - എവിടെയാണോ വലത്തേ കണ്ണിൽ സ്ഥിതിചെയ്യുന്ന സൂര്യൻ ശിശിര ഋതുവിലും ഉത്തരായണം നടക്കാത്തത്, അതുപോലെ കൃഷ്ണപക്ഷത്തിലും ചന്ദ്രന്റെ കലകൾ നശിക്കാത്തത്, അപ്രകാരം എവിടെയാണോ അഗ്നിയുടെ തേജസ്സ് പകൽ സമയത്തുപോലും കുറയാത്തത്, ആ ത്രിപുരാന്തകന്റെ മൂന്നു കണ്ണുകളും നിങ്ങളെ രക്ഷിക്കട്ടെ.

## സ്തുതി – 39

*യാമാശ്രിതോംബരമണീ രമണീയധാമാ*
*കാമാന്തകാവനലസാനലസാദ്യധാദ്യാ*
*യാപീന്ദുസംഭവസുധാവസുധാ ദൃശസ്താഃ*
*ശർവസ്യ വഃ ശിവപുഷോ വപുഷാ ഭവന്തു*

അർത്ഥം - അതിരമണീയ തേജസ്സിന്റെ നിധാനമായ ഭഗവാൻ ഭാസ്കരദേവൻ (സൂര്യൻ) ആരുടെ വലതു കണ്ണിനേയാണോ ആശ്രയിക്കുന്നത്, അതുപോലെ എതൊരു നെറ്റിയിൽ സ്ഥിതിചെയ്യുന്ന ബലവത്തായ ദൃഷ്ടികൊണ്ടാണോ ത്രൈലോക്യവിജയിയായ കാമദേവനേയും യമരാജനേയും അഗ്നിയാൽ ഭസ്മീകരിച്ചത്, അപ്രകാരം ഏത് വാമദൃഷ്ടിയാണോ ചന്ദ്രന്റെ അമൃതിന്റെ ജന്മഭൂമിയായിരിക്കുന്നത്, ആ ശങ്കരന്റെ മൂന്നു കണ്ണുകളും നിങ്ങളുടെ സമസ്ത ദുഃഖങ്ങളേയും ശമിപ്പിക്കട്ടെ.

### സ്തുതി – 40

*പുഷ്ണാതു വഃ പ്രഥമങ്ഗമഭീരുഗൗരീ-*
*വിസ്രംഭണപ്രണയഭങ്ഗഭയാകുലസ്യ*
*തത്കാലകാര്യകരദർപകദേഹദാഹ-*
*ജാതാനുതാപമുരഗാഭരണസ്യ ചേതഃ*

അർത്ഥം - ആദ്യത്തെ സംഗമത്തിൽ തന്നെ ശ്രീശങ്കരന്റെ സ്നേഹം നേടുയെടുക്കാൻ വേണ്ടി ചെയ്ത പ്രാർത്ഥനയിൽ ഭംഗം വന്നതിനാൽ പേടിച്ച പാർവ്വതിയെ കണ്ട് ആ സമയത്ത് പരസ്പര പ്രേമത്തെ ബന്ധിപ്പിക്കാൻ പ്രയത്നിച്ച കാമദേവനെ ദഹിപ്പിച്ചതിനാൽ ശങ്കരന്റെ മനസ്സിൽ പശ്ചാത്താപം ഉത്പന്നമായി. ആ ഭഗവാൻ ശിവന്റെ മനസ്സ് നിങ്ങൾക്ക് ശിവശക്തി രൂപമായ അമൃതിനെ നൽകി പരിപുഷ്ടിപ്പെടുത്തട്ടെ.

(തുടരും)

---

# ബോധപഞ്ചദശിക

ഡോ. അജിതൻ പി.ഐ.

(കഴിഞ്ഞ ലക്കം തുടർച്ച)

### ശ്ലോകം പത്ത്

*തേഷ്വ വൈചിത്ര്യമത്യന്തമൂർദ്ധ്വാധസ്തിര്യഗേവ യത്തു*
*വനാനി ച ദേവാശ്ച സുഖദുഃഖവ്യവസ്ഥിതിഃ*

(ഹരഭട്ടശാസ്ത്രി സ്വീകരിച്ച പാഠം 'ഭുവനാനി തദംശാശ്ച സുഖദുഃഖമതിശ്ചയാ' എന്നാണ്)

**അന്വയം** - തേഷ്വ ഊർദ്ധ്വാധസ്തിര്യഗേവ അത്യന്തം യദ്വൈചിത്ര്യം ഭുവനാനി ച ദേവാശ്ച സുഖദുഃഖവ്യവസ്ഥിതിഃ.

**അർത്ഥം** - സൃഷ്ട്യാദികൾ അവിച്ഛിന്നമായി നടത്തിക്കൊണ്ടിരിക്കുമ്പോൾ തന്നെയാണ് അത്യന്തം വിചിത്രങ്ങളായ ഭുവനങ്ങൾ, ദേവന്മാർ, സുഖദുഃഖങ്ങൾ എന്നിവയും ഉണ്ടാകുന്നത്.

**ഭാവാർത്ഥം** - സൃഷ്ട്യാദിപഞ്ചകൃത്യങ്ങളുടെ ഭാഗമായിട്ടാണ് ഊർദ്ധ്വദിക്, അധോദിക്, തിര്യക് ദിക്കുകൾ, കാലാഗ്നിമുതൽ അനാശ്രിതൻ വരെയുള്ള ഭോഗസ്ഥാനങ്ങളായ നൂറ്റിയെട്ടു ലോകങ്ങൾ, ശിവാദിസകലൻ വരെയുള്ള സപ്തപ്രമാതൃക്കൾ, ത്രിഗുണങ്ങൾ അവയുടെ സ്വഭാവങ്ങളായ സുഖം, ദുഃഖം, മോഹം തുടങ്ങിയവയും ഉണ്ടാകുന്നത്. നിയതിശക്തിയുടെ സ്വാധീനഫലമായിട്ടാണ് മേൽപ്പറ ഞ്ഞതൊക്കെ ഉണ്ടായിത്തീരുന്നത്.

ഹരഭട്ടശാസ്ത്രിസ്വീകരിച്ച പാഠമനുസരിച്ച് ഭുവനങ്ങൾ, അവയുമായി ബന്ധപ്പെട്ട ഉപഭുവനങ്ങൾ, ഈ ഭുവനങ്ങളിലെല്ലാമനുഭവിക്കുന്ന സുഖദുഃഖമോഹാദികൾ ഇവയെല്ലാം തന്നെ ചിച്ഛക്തിയുടെ തന്നെ വിസ്താരഫലമായി ഉണ്ടാകുന്നതാണ്. അതായത് ഈ സമ്പ്രദായത്തിലെ സൃഷ്ടിപ്രക്രിയയനുസരിച്ച് മൂർത്തിക്രിയാ രൂപങ്ങളായ പ്രപഞ്ചങ്ങളുണ്ടാകുന്നു. മൂർത്തിക്രിയകൾ തന്നെയാണ് ദേശാദ്ധ്വവും കാലാദ്ധ്വവും. ദേശാദ്ധ്വമാണ് കല, തത്വം, ഭുവനം എന്നിവ. കാലാദ്ധ്വമാണ് വർണ്ണം, പദം, മന്ത്രം എന്നിവയായിത്തീരുന്നത്. കല, തത്വം, ഭുവനം, വർണ്ണം, പദം, മന്ത്രം ഇവയെയാണ് ഷഡദ്ധ്വങ്ങൾ എന്നുപറയുന്നത്. ഒരേ ചിച്ഛക്തിയാണ് അനേകം ഭുവനങ്ങളും അതാത് ലോകങ്ങളിലെ അനുഭവങ്ങളും ഒക്കെ ആയിത്തീരുന്നതെന്നാണ് ഈ ശ്ലോകത്തിന്റെ അർത്ഥം.

## ശ്ലോകം പതിനൊന്ന്

***യദേതസ്യാപരിജ്ഞാനം തത്സ്വാതന്ത്ര്യോപകല്പിതം***
***സ ഏവ ഖലു സംസാരോ ജഡാനാം യസ്തു ഭീഷണഃ***

(ഹരഭട്ടിയനുസരിച്ച്

***യദേതസ്യാപരിജ്ഞാനം തത്സ്വാതന്ത്ര്യം ഹി വർണ്ണിതം.***
***സ ഏവ ഖലു സംസാരോ മൂഢാനാം യോ വിഭീഷകഃ***

എന്നിങ്ങനെയാണ് ഈ ശ്ലോകം)

**അന്വയം** - യദേതസ്യ അപരിജ്ഞാനം തത് സ്വാതന്ത്ര്യോപകല്പിതം (ഭവതി). സ ഏവ ഖലു സംസാരഃ യഃ ജഡാനാം തു ഭീഷണഃ (ഭവതി)

**അർത്ഥം** - ഈ പറഞ്ഞതിന്റെ അറിവില്ലായ്മ സ്വസ്വാതന്ത്ര്യത്താൽ തന്നെ ഉണ്ടാക്കപ്പെട്ടതാണ്. അതുതന്നയാണ് സംസാരം. ഈ സംസാരമാകട്ടെ ജഡങ്ങൾക്ക് ഭീതിദായകവുമാണ്.

**ഭാവാർത്ഥം** - അനസ്തമിത എന്നു തുടങ്ങി തേഷു വൈചിത്ര്യം വരെയുള്ള

ശ്ലോകങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങളുടെ അറിവില്ലായ്മ അതായത് ശിവബോധം എപ്പോഴും പ്രകാശിക്കുന്നതാണെങ്കിൽ കൂടി തിരിച്ചറിയാതിരിക്കുക അതാണ് സംസാരത്തിന് കാരണം. അതായത് താൻ ശിവനാണെന്നുള്ള തിരിച്ചറിവില്ലായ്മയാണ് സംസാരത്തിന് കാരണം. ഈ സംസാരമാകട്ടെ സുഖദുഃഖമോഹങ്ങളാലും ജനനമരണങ്ങളാലും ബദ്ധമാണ്. അതുകൊണ്ടുതന്നെയാണ് സംസാരം ജഡങ്ങൾക്ക് അതായത് സ്വശിവഭാവത്തെ തിരിച്ചറിയാത്തവർക്ക് ഭീതിദമാകുന്നത്. ഇനി ഈ അറിവല്ലായ്മയും ശിവന്റെ തന്നെ അഥവാ തന്റെതന്നെ വിലാസമാണ്. ശിവൻ സ്വയം സ്വസ്വാതന്ത്ര്യത്താൽ പരിമിതജ്ഞാനത്തോട് കൂടിയ അണു ആയിത്തീരുന്നു. ഇതിന്റെ പിറകിൽ വേറെ ആരുടേയും പ്രേരണ ഇല്ല. സ്വയം സംസാരിയായിത്തീർന്ന് പരിമിതനായി സുഖദുഃഖമോഹാനുഭവങ്ങ ളാൽ ഉഴറുന്നു. എപ്പഴാണോ തിരിച്ചറിവുണ്ടാകുന്നത് അപ്പോൾ സംസാരമില്ലാതെയാവുന്നു. അല്ലെങ്കിൽ സംസാരവും മോക്ഷകാരണമാവുന്നു.

## ശ്ലോകം പന്ത്രണ്ട്

*തത്പ്രസാദവശാദേവ ഗുർവ്വാഗമത ഏവ വാ*
*ശാസ്ത്രാദ്വാ പരമേശസ്യ യസ്മാത്കസ്മാദുപായതഃ*

## ശ്ലോകം പതിമൂന്ന്

*ഏതത്തത്വപരിജ്ഞാനം സ മോക്ഷഃ പരമേശിതാ*
*തത്പൂർണ്ണത്വം പ്രബുദ്ധാനാഞ്ജീവന്മുക്തിശ്ച സാ സ്മൃതാ*

ഹരഭട്ടശാസ്ത്രി സ്വീകരിച്ച പാഠം കുറച്ച് വ്യത്യസ്തമാണ്. അതിങ്ങനെയാണ്.

*തത്പ്രസാദരസാദേവ ഗുർവ്വാഗമത ഏവ വാ*
*ശാസ്ത്രാദ്വാ പരമേശസ്യ യസ്മാത്കസ്മാദുപാഗതം*

*യത്തത്വസ്യ പരിജ്ഞാനം സ മോക്ഷഃ പരമേശതഃ*
*തത്പൂർണ്ണത്വം പ്രബുദ്ധാനാഞ്ജീവന്മുക്തിശ്ച സാ സ്മൃതാ*

**അന്വയം** - തത്പ്രസാദവശാത്ഏവ ഗുർവ്വാഗമത ഏവ വാ പരമേശസ്യ ശാസ്ത്രാദ്വാ യസ്മാത് കസ്മാദുപായതഃ പരമേശിതാ തത്പൂർണ്ണത്വം ച സഃ മോക്ഷഃ. പ്രബുദ്ധാനാം സാ ജീവന്മുക്തിഃ സ്മൃതാ.

**അർത്ഥം** - ആ പ്രസാദം കൊണ്ടോ ഗുരുവിൽ നിന്നോ ആഗമത്തിൽ നിന്നോ ശിവശാസ്ത്രങ്ങളിൽ നിന്നോ അല്ലെങ്കിൽ ഏതെങ്കിലും ഒരുപായം

വഴി ശിവാവസ്ഥയോ അല്ലെങ്കിൽ പൂർണ്ണാവസ്ഥയോ ഉണ്ടാകുന്നതാണ് മോക്ഷം. പ്രബുദ്ധന്മാരെ സംബന്ധിച്ച് ഇതുതന്നെയാണ് മോക്ഷം.

**ഭാവാർത്ഥം** - ആ പ്രസാദം കൊണ്ടോ എന്നതുകൊണ്ടുദ്ദേശിക്കുന്നത് രണ്ടു കാര്യങ്ങളാണ്. ഒന്നുകിൽ ശിവനിൽ നിന്നും നേരിട്ട് ഒരു ഉപാധിയുടേയും സഹായത്താലല്ലാതെ ശക്തിപാതം സംഭവിക്കുന്നത് മോക്ഷത്തിന് ഒരു കാരണമാണ്. ചില മഹാന്മാർക്ക് താനേ തിരിച്ചറിവുണ്ടാവാറുണ്ട്. അതാണ് ഇവിടെ ഉദ്ദേശിക്കുന്നത്. മറ്റൊന്ന് തന്ത്രേലോകത്തിൽ പറഞ്ഞ പോലെ സിദ്ധന്മാരുടേയും യോഗിനികളുടെയും ദർശനം, അവർ നല്കുന്ന ചരു ഭക്ഷിക്കൽ, അവരുടെ സംസാരം ശ്രവിക്കൽ, ഗുരുസേവനം, സിദ്ധയോഗിനിമാർ വഴി സംഭവിക്കുന്ന ശക്തിസംക്രമണം തുടങ്ങിയവയും സ്വാത്മപ്രത്യഭിജ്ഞാനം ഉണ്ടാകുന്നതിന് കാരണങ്ങളാണ്. അതായത് സിദ്ധന്മാരുടേയോ യോഗിനികളുടെയോ കേവലം ദർശനം പോലും താൻ ശിവനാണെന്നുള്ള തിരിച്ചറിവിന് കാരണമായേക്കാം.

*(സിദ്ധാനാം യോഗിനീനാം ച ദർശനം ചരുഭോജനം*
*കഥനം സംക്രമഃ ശാസ്ത്രേ സാധനം ഗുരുസേവനം*
*ഇത്യാദ്യോ നിരുപായസ്യ സംക്ഷേപോയം വരാനനേ)*

ഇതുതന്നെ നിരുപായം എന്ന പേരിലും ഈ ശാസ്ത്രത്തിൽ അറിയപ്പെടുന്നു. തന്ത്രാലോകത്തിൽ അഭിനവഗുപ്താപാദർ വേറൊരിടത്ത് പറയുന്നത് ഉപായങ്ങളെക്കൊണ്ടോന്നും ശിവാവസ്ഥ ഉണ്ടാകില്ല. അതുണ്ടാകുന്നത് ശിവന്റെ അഥവാ ഗുരുവിന്റെ അനുഗ്രഹം കൊണ്ടുമാത്രമാണ്. പ്രപഞ്ചരൂപമായി പരിലസിക്കുന്ന ആ ശിവൻ ഞാൻ തന്നെയാണെന്ന് ഗുരുവാക്യത്തിലൂടെ ആരാണോ മനസ്സിലാക്കുന്നത് അയാൾ എപ്പോഴും ശിവാവസ്ഥയിൽ നിലകൊള്ളുന്ന ആളാണ്. മാത്രവുമല്ല പ്രപഞ്ചത്തിലുള്ളതെല്ലാം തന്നെ ചിത്സ്വരൂപമാണെന്നും അയാൾ പ്രത്യേകിച്ച് ഒരു പ്രയത്നവുമില്ലാതെ തന്നെ തിരിച്ചറിയുന്നു.

*(ഉപായൈർന്ന ശിവോ ഭാതി ഭാന്തി തേ തത്പ്രസാദതഃ*
*സ ഏവാഹം സ്വപ്രകാശോ ഭാസേ വിശ്വസ്വരൂപകഃ*
*ഇത്യാകർണ്യ ഗുരോർവാക്യം സകൃത് കേചന നിശ്ചിതാഃ*
*വിനാ ഭൂയോനുസന്ധാനം ഭാന്തി സംവിന്മയാഃ സ്ഥിതാഃ)*

പറഞ്ഞുവന്നത് ചുരുക്കം ചിലർക്ക് ശിവനിൽനിന്നും ശക്തിപാതം നേരിട്ടുലഭിക്കാം, ചിലർക്ക് ഗുരുവഴിയും ശക്തിപാതം ലഭിക്കാം.

ഇതുപോലെത്തന്നെ ശാസ്ത്രവും മോക്ഷത്തിനുള്ള ഒരുപായമാണ്. അഭിനവഗുപ്താപാദർ പറയുന്നത് ഗുരു ശാസ്ത്രത്തിലേക്കുള്ള വഴിയാണെന്നാണ്. കിരണതന്ത്രം ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറയുന്നത് (കിരണായാം യദപ്യു

ക്തം ഗുരുതഃ ശാസ്ത്രതഃ സ്വതഃ തത്രോത്തരോത്തരം മുഖ്യം പൂർവ്വപൂർവ്വ ഉപായകഃ 4. 41, ജയരഥൻ - ത്രിപ്രത്യയമിദം ജ്ഞാനം ആത്മാ ശാസ്ത്രം ഗുരോർമുഖം) ഗുരുവഴിയോ ശാസ്ത്രങ്ങൾ വഴിയോ സ്വതവേയോ ശിവബോധം അഥവാ പ്രത്യഭിജ്ഞാനം സംഭവിക്കാം. അവിടെ ഗുരു ശാസ്ത്രത്തിലേക്കുള്ള ഉപായമാണ്. ശാസ്ത്രം സ്വാനുഭവത്തി ലേക്കുമുള്ളതാണ്. ഇവയിൽ ആദ്യമാദ്യം പറഞ്ഞതാണ് മുഖ്യം. അതനുസരിച്ച് ഗുരുവിനാണ് ഏറ്റവും പ്രാധാന്യം. അതുകഴിഞ്ഞാൽ ശാസ്ത്രം. ഇതാണ് ക്രമം. ശാസ്ത്രാഭ്യാസം നേരിട്ട് നടത്തുകയല്ല വേണ്ടത് മറിച്ച് ഗുരുവാണ് ശാസ്ത്രത്തിലേക്കുള്ള വഴി തുറന്നുതരേണ്ടത്. ഇവിടെ ശാസ്ത്രങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അദ്വയപരമായ ശാസ്ത്രങ്ങൾ എന്നാണ്. അല്ലാതെ ന്യായം, മീമാംസാ തുടങ്ങിയവയല്ല. യസ്മാദ്കസ്മാദുപായതഃ എന്നതുകൊണ്ട് ശാക്ത, ആണവ ഉപായങ്ങൾ വഴിയും ശിവാത്മബോധം ഉണ്ടാകാൻ സാധ്യതയുണ്ടെന്നാണ്. ശാക്തോപായം എന്നത് സത്തർക്കം വഴി വികല്പസംസ്കാരം വരുത്തി നിർവ്വികല്പമായ അവസ്ഥയെ അനുഭവിക്കലാണ്. ആന്തരികമോ ബാഹ്യമോ ആയ ഉപാധികൾ വഴി താൻ ശിനവാണെന്ന് തിരിച്ചറിയുന്ന മാർഗമാണ് ആണവോപായം.

ഇപ്രകാരം ജീവിച്ചിരിക്കുമ്പോൾ തന്നെ ഏതെങ്കിലും ഉപായങ്ങൾ വഴിയോ അല്ലെങ്കിൽ ഉപായരഹിതമായോ (അനുപായം) താൻ ശിവനാണെന്നുള്ള തിരിച്ചറിവുണ്ടാകലാണ് ജീവനമുക്തി. അതുതന്നെയാണ് ശിവാവസ്ഥയും പൂർണ്ണതയും.

## ശ്ലോകം പതിനാല്

*ഏതൌ ബന്ധവിമോക്ഷൗ ച പരമേശസ്വരൂപതഃ*
*ന ഭിദ്യേതേ ന ഭേദഞ്ച തനുതഃ പരമേശ്വരാത്*

(ഹരഭട്ടിയനുസരിച്ച് *ന ഭിദ്യേതേ ന ഭേദോ ഹി തത്ത്വതഃ പരമേശ്വരേ* എന്നാണ്)

**അന്വയം** - പരമേശ്വരസ്വരൂപതഃ ഏതൌ ബന്ധവിമോക്ഷൌ ന ഭിദ്യേതേ പരമേശ്വരാത് (ഏതൌ) ഭേദഞ്ച ന തനുതഃ.

**അർത്ഥം** - ശിവസ്വരൂപത്തിൽ നിന്നും ഈ ബന്ധമോക്ഷങ്ങൾ ഭിന്നമല്ല. ശിവനിൽ നിന്ന് അവ ഒരു ഭേദവും ഉണ്ടാക്കുന്നില്ല.

**ഭാവാർത്ഥം** - ഈ ശ്ലോകത്തിലൂടെ ബന്ധം മോക്ഷം എന്നിവ കല്പനകളാണെന്നും വാസ്തവത്തിലില്ലാത്തതാണെന്നും പറയുന്നു. തൊട്ട് മുൻപത്തെ ശ്ലോകത്തിൽ പറഞ്ഞ ജീവന്മുക്തിപോലും വാസ്തവത്തിൽ കല്പനയാണെന്നാണ് അഭിനവഗുപ്തപാദരുടെ അഭിപ്രായം. ഇവിടെ ശിവനല്ലാതെ വേറെ ഒന്നും ഇല്ല. എല്ലാം എപ്പോഴും ശിവാവസ്ഥയിലാണ് കുടികൊള്ളുന്നത്. മോക്ഷം സം

ഭവിക്കണമെങ്കിൽ ശിവാവസ്ഥ അല്ലാത്തതിൽ നിന്നും ശിവാവസ്ഥയിൽ ആയിത്തീരണം. പക്ഷേ ഇവിടെ അങ്ങനെ ആയിത്തീരാൻ ഒന്നുമില്ല.

ശാസ്ത്രമനുസരിച്ച് സ്വാത്മപ്രച്ഛാദനക്രീഡയുടെ ഭാഗമായിട്ടാണ് അതായത് തന്നെത്തന്നെ മറച്ചുവയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് ശിവൻ ഈ പ്രപഞ്ചത്തിലെ ഓരോ പദാർത്ഥവും ആയിത്തീരുന്നത്. അപരിമിതമായത് സ്വയം സ്വേച്ഛയാൽ പരിമിതമാവുന്നു. പാരിമിത്യത്തെ സ്വയം പുല്കുമ്പോഴും ശിവാവസ്ഥയ്ക്ക് ഒരു കോട്ടവും തട്ടുന്നില്ല. അതിനാൽ തന്നെ വാസ്തവത്തിൽ മോക്ഷം, ബന്ധം ഇവയൊന്നും ഇല്ലാത്തതാണ്.

അഭിനവഗുപ്തപാദർ ഇങ്ങനെയൊരു ശ്ലോകം എഴുതുന്നത് വളരെ ഉയർന്ന ഒരവസ്ഥയിൽ നിന്നുകൊണ്ടായിരിക്കാം. ആ അവസ്ഥയിൽ ബന്ധമോക്ഷങ്ങൾ ഇല്ല തന്നെ.

ഇതേ ആശയത്തെത്തന്നെ താഴെ പറയുന്ന ശ്ലോകത്തിൽ മനോഹരമായി പറഞ്ഞിരിക്കുന്നു. അതിങ്ങനെയാണ്.

***സംസാരോസ്തി ന തത്വതസ്തനുഭൃതാം ബന്ധസ്യ വാർത്തൈവ കാ***
***ബന്ധോ യസ്യ ന ജാതു തസ്യ വിതഥാ മുക്തസ്യ മുക്തിക്രിയാ***
***മിഥ്യാമോഹകൃദേഷ രജ്ജുഭുജഗച്ഛായാപിശാചഭ്രമോ***
***മാ കിഞ്ചിത്ത്യജ മാ ഗൃഹാണ വിഹര സ്വസ്ഥോ യഥാവസ്ഥിതഃ***

വാസ്തവത്തിൽ സംസാരം എന്നൊന്നില്ല. അപ്പോൾ പിന്നെ ബന്ധനത്തിന്റെ കാര്യം പറയേണ്ടതുണ്ടോ? ബന്ധമില്ലാത്തതിനാൽ മുക്തിക്കുള്ള ഉപായങ്ങളും ഇല്ല. ബന്ധമോക്ഷങ്ങൾ കയറുകണ്ട് പാമ്പാണെന്ന് തെറ്റിദ്ധരിക്കുന്നതുപോലെ മിഥ്യാധാരണമാത്രമാണ്. അതിനാൽ ഒന്നും ത്യജിക്കാതിരിക്കു, ഒന്നും സ്വീകരിക്കാതെയുമിരിക്കു. എന്നിട്ട് ഇപ്പോൾ എങ്ങനെയാണോ ആ അവസ്ഥയിൽ തന്നെ സ്വസ്ഥമായി വിഹരിക്കു.

## ശ്ലോകം പതിനഞ്ച്

***ഇത്ഥമിച്ഛാക്രിയാജ്ഞാനശക്തിശൂലാംബുജാശ്രിതഃ***
***ഭൈരവഃ സർവ്വഭാവാനാം സ്വഭാവഃ പരിശീല്യതാം***

(ഹരഭട്ടിയനുസരിച്ച്

***ഇത്ഥം ഇച്ഛാകലാജ്ഞാനശക്തിശൂലാംബുജാശ്രിതഃ***
***ഭൈരവസ്സർവ്വഭാവാനാം സ്വഭാവഃ പരിശീല്യതേ***

എന്നിങ്ങനെയാണ് ഈ ശ്ലോകം)

**അന്വയം** - ഇത്ഥം ഇച്ഛാക്രിയാജ്ഞാനശക്തിശൂലാംബുജാശ്രിതഃ സർവ്വഭൂതാനാം സ്വഭാവഃ ഭൈരവഃ പരിശീല്യതാം.

**അർത്ഥം** - ഇപ്രകാരം ഇച്ഛാ, ക്രിയാ, ജ്ഞാനശക്തികളാകുന്ന ശൂലമാകുന്ന അംബുജത്തെ ആശ്രയിച്ചിരിക്കുന്നതും എല്ലാ വസ്തുക്കളുടേയും സ്വഭാവവുമായ ഭൈരവഭാവത്തെ പരിശീലിക്കു.

**ഭാവാർത്ഥം** - എല്ലാ വസ്തുക്കളുടെയും യഥാർത്ഥസ്വഭാവത്തെയാണ് അഭിനവഗുപ്തപാദർ ഭൈരവൻ എന്നുവിളിക്കുന്നത്. എന്താണോ നമ്മുടെ ഉണ്മ അതിനെ വേണം നിരന്തരം അഭ്യസിക്കാൻ എന്നാണ് ഈ ശ്ലോകത്തിലൂടെ പറയുന്നത്. ആ ഉണ്മയാണ് ബോധം. ബോധത്തെ അഭ്യസിക്കുകയെന്ന് പറഞ്ഞാൽ ശിവബോധത്തിൽ ഉറച്ചുനിൽക്കാൻ വേണ്ട ശ്രമം നിരന്തരം നടത്തിക്കൊണ്ടിരിക്കുക എന്നർത്ഥം.

ഭൈരവന്റെ അഥവാ ശിവന്റെ മൂന്നു പ്രധാനശക്തികളാണല്ലോ ഇച്ഛാ, ജ്ഞാന, ക്രിയകൾ. ഇവ മൂന്നിനേയും ത്രികശാസ്ത്രമനുസരിച്ച് ഒരു ശൂലത്തിന്റെ മൂന്ന് അരങ്ങളായിട്ടാണ് കണക്കാക്കപ്പെടുന്നത്. ത്രികത്തിലെ പ്രധാന ദേവതക ളാണ് പരാ, പരാപരാ. അപരാ എന്നിവർ. ഇവരെ പൂജിക്കുന്നത് ത്രിശൂലാബ്ജ ത്തിലാണ്. ഈ പറഞ്ഞ മൂന്നു ദേവതകൾ തന്നെയാണ് (അതായത് പരാ, പരാപരാ, അപരാ എന്നിവർ) ഇച്ഛാ, ജ്ഞാന, ക്രിയകൾ. ഇതാണ് ഇച്ഛാ, ജ്ഞാ ന, ക്രിയകളും പരാ, അപരാ, പരാപരാ ദേവതകളും തമ്മിലുള്ള ബന്ധം.

ഈ ശ്ലോകമനുസരിച്ച് ശിവഭാവം ഉറച്ചുകിട്ടാൻ വേണ്ടിയുള്ള അദ്ധ്യാത്മികപരിശീലനങ്ങളാണ് നിരന്തരം നടത്തപ്പെടേണ്ടത്. ഞാൻ ശിവനാണെന്ന് മാത്രമല്ല ഉത്പലദേവൻ ഈശ്വരപ്രത്യഭിജ്ഞാകാരികയിൽ പറയുന്നതുപോലെ സർവ്വോ മമായം വിഭവഃ അതായത് ഞാൻ അറിയുന്നതൊക്കെത്തന്നെ എന്റെതന്നെ വികാസരൂപങ്ങളെയാണ് എന്നുള്ള സത്തർക്കംകൂടിയാണ് അഭിനവഗുപ്തപാദർ ബോധപഞ്ചദശികയിലൂടെ മുന്നോട്ടുവയ്ക്കുന്ന സാധനാമാർഗ്ഗം.

ഇനി അവസാനത്തെ ശ്ലോകത്തിൽ ആരെ ഉദ്ദേശിച്ചിട്ടാണ് ബോധപഞ്ചദശിക എഴുതിയിട്ടുള്ളതെന്ന് കൂടി പ്രസ്താവിച്ചുകൊണ്ട് അഭിനവഗുപ്തപാദർ ഈ കൃതി അവസാനിപ്പിക്കുന്നു.

## ശ്ലോകം പതിനാറ്

***സുകുമാരമതീൻ ശിഷ്യാൻ പ്രബോധയിതുമഞ്ജസാ***
***ഇമേഭിനവഗുപ്തേന ശ്ലോകാഃ പഞ്ചദശോദിതാഃ***

**അന്വയം** - സുകുമാരമതീൻ ശിഷ്യാൻ അഞ്ജസാ പ്രബോധയിതും അഭിനവഗുപ്തേന ഇമേ പഞ്ചദശ ശ്ലോകാഃ ഉദിതാഃ

**അർത്ഥം** - സുകുമാരമതികളായ ശിഷ്യന്മാരെ ഉടൻതന്നെ ബോധവാ

ന്മാരാക്കുന്നതിനുവേണ്ടി അഭിനവഗുപ്തനാൽ പരിനഞ്ചു ശ്ലോകങ്ങൾ പറയപ്പെട്ടു.

**ഭാവാർത്ഥം** - സുകുമാരമതികളെന്നാൽ ഈ ശാസ്ത്രമനുസരിച്ച് മന്ദശക്തിപാതം ലഭിച്ചവർ എന്നർത്ഥം. എന്തെന്നാൽ ശക്തിപാതം ഇല്ലാതെ അല്ലെങ്കിൽ ശിവാനുഗ്രഹം ഇല്ലാതെ ഈ ശാസ്ത്രത്തിൽ പറഞ്ഞ ഏറെ ഗഹനവും ഗ്രൂഢവുമായ കാര്യങ്ങൾ ഒന്നും തന്നെ മനസ്സിലാക്കാൻ സാദ്ധ്യമല്ല. അതിനാൽ ഏറ്റവും കുറഞ്ഞത് മന്ദശക്തിപാതമെങ്കിലും അനിവാര്യമാണ്. സുകുമാരമതികൾക്ക് ഈ ശാസ്ത്രത്തിലെ ഗഹനമായ രഹസ്യങ്ങൾ എളുപ്പം മനസ്സിലാക്കൻ സാധിക്കണമെന്നില്ല. അവർക്ക് ഈ ശാസ്ത്രത്തിലേക്ക് പ്രവേശനം സാദ്ധ്യമാകണം എന്ന ഉദ്ദേശത്തോടുകൂടിയാണ് അഭിനവഗുപ്തപാദർ ഈ ബോധപഞ്ചദശിക എഴുതിയിട്ടുള്ളത്. മാത്രവുമല്ല ഈ ശാസ്ത്രരഹസ്യങ്ങൾ കേൾക്കുന്നമാത്രയിൽ തന്നെ അവർക്ക് മനസ്സിലാക്കാൻ സാധിക്കണമെന്നും അഭിനവഗുപ്തപാദർക്ക് ഉദ്ദേശമുണ്ട്. അതുകൊണ്ടാണ് അഞ്ജസാ എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. ശിഷ്യാൻ എന്നു പറഞ്ഞതുകൊണ്ട് തന്റെ ചില ശിഷ്യന്മാരെ ഉദ്ദേശിച്ചാണ് ഇതെഴുതിയതെന്നും വ്യക്തമാണ്. സാധാരണ അഭിനവഗുപ്തപാദരുടെ ശൈലിയനുസരിച്ച് ഏത് ശിഷ്യരെ ഉദ്ദേശിച്ചാണോ ഒരു ഗ്രന്ഥമെഴുതുന്നത് അവരുടെ പേരുകൾ ഗ്രന്ഥത്തിൽ തന്നെ പരാമർശിക്കാറുണ്ട്. എന്നാൽ ഇവിടെ ആ പരമർശം ഇല്ല. അതുപോലെത്തന്നെ സ്വനാമവും ഗ്രന്ഥമവസാനിപ്പിക്കുമ്പോൾ സൂചിപ്പിക്കുന്നത് അഭിനവഗുപ്തപാദരുടെ ഒരു പ്രത്യേകതയാണ്. ഇവിടേയും അങ്ങനെത്തന്നെയാണ്.

ഇപ്രകാരം ത്രികശാസ്ത്രത്തിന്റെ സാരമായ ബോധപഞ്ചദശിക അവസാനിച്ചു.

---

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (15)

(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

(കഴിഞ്ഞ ലക്കം തുടർച്ച)

ആത്മാദ്വയം ദൃഷ്ടാന്തേന നിദർശയതി.

*26. രസഫാണിതശർക്കരികാഗുഡഖണ്ഡാദ്യാ യഥേക്ഷുരസ ഏവ*

***തദ്വദവസ്ഥാഭേദാഃ സർവേ പരമാത്മനഃ ശംഭോഃ.***

സാരം - ആ പരമമായ ആത്മാവിന്റെ അദ്വയാവസ്ഥയെ ഉദാഹരണ സഹിതം വിവരിക്കുന്നു.

എപ്രകാരമാണോ കരിമ്പിന്റെ രസവും ശർക്കരയും പഞ്ചസാരയും എല്ലാം അതിന്റെ രസം തന്നെ ആകുന്നത് അപ്രകാരം എല്ലാ അവസ്ഥാഭേദ ങ്ങളും പരമാത്മാവായ ശംഭുവിന്റെ തന്നെ ആകുന്നു.

വിവൃതി - രസാദയഃ ഇക്ഷുഭേദാഃ യഥാ ഏകഃ ഏവേക്ഷുരസഃ പരമാർ ത്ഥതഃ സർവത്രമാധുര്യാനുഗമാത്തഥൈവ ജാഗ്രദാദി അവസ്ഥാഭേദാഃ ഗ്രാ ഹഗ്രാഹക പ്രപഞ്ചരൂപാഃ സർവ്വേ വിശേഷാഃ പരമാത്മനഃ ശംഭോഃ ചൈത ന്യമഹേശ്വരസ്യൈവ. യതഃ സ ഏവ ഭഗവാൻ സർവ്വസ്യ സ്വാത്മഭൂതഃ സ്വ സ്വാതന്ത്ര്യാത് താം താമപി ഭൂമികാം സമാപന്നസ്ഥഥാ ഗ്രാഹ്യഗ്രാഹകാദ്യവ- സ്ഥാവിശിഷ്ടഃ പ്രഥതേ യഥേക്ഷുരസോ ന പുനഃ സ്വാത്മനസ്തസ്മാദ്ഭിന്നം കി ഞ്ചിദസ്തീതി സ ഏക ഏവ സർവ്വാവസ്ഥാസു സംവിദനുഗമാത്. ഇത്ഥം സർ വ്വത്രൈകരൂപതാദർശനാത്പ്രമാതാ സർവ്വദ്രഷ്ടാ ഭവതി. യഥാഹ ശ്രീശംഭു ഭട്ടാരകഃ

***ഏകോ ഭാവഃ സർവ്വഭാവസ്വഭാവഃ സർവ്വേ ഭാവാഃ ഏകഭാവസ്വഭാ വാഃ.***
***ഏകോ ഭാവസ്തത്ത്വതോ യേന ദൃഷ്ടഃ സർവ്വേ ഭാവസ്തത്ത്വതസ്തേന ദൃഷ്ടാഃ. ഇതി.***

ഭഗവദ്ഗീതാസ്വപി -

***സർവ്വഭൂതേഷു യേനൈകം ഭാവമക്ഷയമീക്ഷതേ.***
***അവിഭക്തം വിഭക്തേഷു തജ്ജ്ഞാനം വിദ്ധി സാത്ത്വികം. ഇതി.***

പരിഭാഷ - രസം, ശർക്കര, പഞ്ചസാര തുടങ്ങിയവയെല്ലാം യാതൊരു പ്രകാരമാണോ കരിമ്പിന്റെ വിവിധ ഭേദങ്ങളാകുന്നത് അപ്രകാരം തന്നെ ജാഗ്രത്ത് തുടങ്ങിയ അവസ്ഥാഭേദങ്ങളും ഗ്രാഹ്യം (object) ഗ്രാഹകം (subject) എന്നീ അവസ്ഥകളും മറ്റെല്ലാ വിശേഷങ്ങളും പരമാത്മാവും ശംഭു വുമായ ചൈതന്യമഹേശ്വരന്റേതാകുന്നു. എന്തെന്നാൽ ആ ഭഗവാൻ തന്നെ എല്ലാത്തെയും തന്നിൽ നിന്നും ഭവിപ്പിച്ചിട്ട് സ്വസ്വാതന്ത്ര്യത്താൽ പല തരത്തി ലുള്ള ഭൂമികകളെ സ്വീകരിച്ച് പ്രമാതാവ് പ്രമേയം എന്നിങ്ങനെ കരിമ്പിന്റെ രസം പോലെ ഭേദപ്പെട്ടിരിക്കുന്നു. എന്നാൽ ആ പരമമായതിൽ നിന്നും ഭിന്ന മായി വേറൊരു വസ്തുവുമില്ല. അതിനാൽ വിവിധാവസ്ഥകളിൽ അതിന്റെ അനുഗമനം ഉണ്ട്. ഇപ്രകാരം എല്ലായിടത്തും ഒന്നിനെത്തന്നെ കാണുന്നതു കൊണ്ട് പരപ്രമാതാവ് സർവ്വദ്രഷ്ടാവാകുന്നു. ശ്രീശംഭുഭട്ടാരകൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ഒരേയൊരു ഭാവം തന്നെ സർവ്വഭാവങ്ങളുടെയും സ്വഭാവമാകുന്നു. എല്ലാ ഭാവങ്ങളും ഒരേയൊരു ഭാവത്തിന്റെ സ്വഭാവത്തോടു കൂടിയതാകുന്നു. ആരാണോ ആ ഒരു ഭാവത്തെ അറിയുന്നത് അയാൾ മറ്റെല്ലാ ഭാവങ്ങളെയും അറിയുന്നു.

ഭഗവദ്ഗീതയിലും ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ഏതൊരു ജ്ഞാനംകൊണ്ടാണോ സർവ്വ ഭൂതങ്ങളിലുമുള്ള ഏകഭാവത്തെ മനസ്സിലാക്കുന്നത്, വിവിധങ്ങളായിരിക്കുന്നവയിലുള്ള സ്ഥിരമായിരിക്കുന്നതിനെ അറിയുന്ന ആ ജ്ഞാനത്തെ സാത്ത്വികജ്ഞാനം എന്നു പറയുന്നു.

*തീർത്ഥാന്തരപരികല്പിതസ്തു ഭേദഃ സംവ്യത്ത്യർത്ഥമഭ്യുപഗതോപി ന സത്യഭ്രമാവവകല്പത ഇത്യാഹ.*

*27. വിജ്ഞാനാന്തര്യാമിപ്രാണവിരാഡ്ദേഹജാതിപിണ്ഡാന്താഃ വ്യവഹാരമാത്രമേതത് പരമാർത്ഥേന തു ന സന്ത്യേവ.*

സാരം - മറ്റു മതക്കാരുടെ[1] വ്യാവഹാരികം എന്ന അവസ്ഥയെക്കുറിച്ചുള്ള പ്രമാണങ്ങളുമായി അഭിപ്രായവ്യത്യാസങ്ങളില്ല എങ്കിലും പരമസത്യത്തെക്കുറിച്ചുള്ള വാദങ്ങളിൽ അങ്ങനെയല്ല എന്നു കാണിക്കുന്നു.

വിജ്ഞാനം, അന്തര്യാമി, പ്രാണൻ, വിരാഡ്ദേഹം ജാതി പിണ്ഡം (ജീവൻ) എന്നീ വിവക്ഷകൾ വ്യവഹാരത്തിനു വേണ്ടിയുള്ളതു മാത്രമാകുന്നു. പരമാർത്ഥമായതല്ല.

വിവൃതി - വിജ്ഞാനം ഇതി ബോധമാത്രമേവ കേവലമുപാധി നാമരൂപ രഹിതമപ്യനാദിവാസനാപ്രബോധവൈചിത്ര്യ സാമർത്ഥ്യാന്നീലസുഖാദിരൂപം ബാഹ്യരൂപതയാ നാനാപ്രകാശത ഇതി വിജ്ഞാനവാദിനഃ.

പുരുഷ ഏവേദം സർവ്വം..

നേഹ നാനാസ്തി കിഞ്ചന..

ഇതി ന്യായേന അന്തര്യാമി സർവ്വസ്യേതി പരം ബ്രഹ്മൈവാനാദ്യവിദ്യാവശാ ദ്ഭേദേന പ്രകാശത ഇതി ബ്രഹ്മവാദിനഃ. അത്രോഭയത്രാപി വേദനസ്യ സ്വാതന്ത്ര്യം ജീവിതഭൂതം വിശ്വനിർമ്മാണഹേതുരിതി ന ചേതിതം.

അന്യേ പ്രാണബ്രഹ്മവാദിനസ്തു യഥാ പ്രാണനമേവ വിശ്വമാശ്ചര്യ വർത്തതേ നഹി പ്രാണനാദൃതേ അന്യത്കിഞ്ചിദ്ബ്രഹ്മണോ രൂപമിതി സവിമർശം ശബ്ദബ്രഹ്മേത്യാഹുഃ.

---

ഈ ഗ്രന്ഥം രചിക്കുന്ന കാലഘട്ടത്തിൽ ഭാരതത്തിൽ ശക്തമായി നിലനിന്നിരുന്ന പ്രപഞ്ചത്തെയും പരമസത്യത്തെയും കുറിച്ചുള്ള അഭിപ്രായസമൂഹത്തെയാണ് ഇവിടെ മതമെന്നു വിവക്ഷിച്ചിട്ടുള്ളത്.

അപരേ പ്രതിപന്നാ യഥാ വിരാഡ്ദേഹം ഇതി വൈരാജമപി ബ്രഹ്മണഃ സത്യഭൂതമിതി. യഥോക്തം-

***യസ്യാഗ്നിരാസ്യം ദ്യൌർമൂർദ്ധാ ഖം നാഭിശ്ചരണൌ ക്ഷിതിഃ***
***സൂര്യശ്ചക്ഷുർദ്ദിശഃ ശ്രോത്രേ തസ്മൈ ലോകാത്മനേ നമഃ.***
***ഇത്യേവമാദി.***

ജാതിഃ ഇതി മഹാസത്താസാമാന്യലക്ഷണം സർവ്വഗുണാശ്രയം വസ്തു പരമാർത്ഥസദിതി വൈശേഷികാദയോ ബ്രുവതേ.

അന്യേ പിണ്ഡാഃ ഇതി വ്യക്തയ ഏവ പരമാർത്ഥസത്യോ നഹി സാമാന്യം നാമ കിഞ്ചിദേകമനേകഗുണാശ്രയം പ്രകാശതേ നാപ്യുപപദ്യതേ വേതി വ്യക്തീനാമേവ വ്യവഹാരഃ പരിസമാപ്തഃ കിം സാമാന്യേനേതി നാനാ വൃത്തിവികല്പൈഃ സാമാന്യം വിവദമാനാ വ്യക്തയോ നാന്വയന്ത്യന്യദന്വയായി ന ഭാസത ഇത്യേവമാദി ബഹു ബ്രുവന്തോ ജാതിർന പരമാർത്ഥ ഇതി പ്രതിപന്നാ ഇത്യേവ വിജ്ഞാനാദിഃ പിണ്ഡാന്തേ യേഷാം ഭേദാനാം തേ തഥോക്താഃ വ്യവഹാരമാത്രമേതത് ഇത്യസ്മിൻ സ്വാതന്ത്ര്യവാദേ പ്രകാശമാനസ്യ വസ്തുനോ അനപഹ്നവനീയത്വാദേതേ ഭേദാഃ സംവൃതിസത്യത്വേന പ്രകാശന്തേ പരമാർത്ഥേന തു ന സന്ത്യേവ ഇതി ന പുനഃ സതത്ത്വതയൈതേ ഭേദാസ്തീർത്ഥാന്തരപരികല്പിതഭേദാഃ വിദ്യമാനാ ഏവ. തസ്മാദേക ഏവ പരമ പ്രകാശപരമാർത്ഥഃ സ്വതന്ത്രശ്ചൈതന്യമഹേശ്വര ഇത്ഥമിത്ഥം ചകാസ്തി യതോന്യസ്യൈതദ്വ്യതിരിക്തസ്യാപ്രകാശരൂപസ്യ പ്രകാശമാനതാഭാവാത്. യദുക്തം-

തീർത്ഥക്രിയാവ്യസനിനഃ സ്വമനീഷികാഭിരുത്പ്രേക്ഷ്യ തത്ത്വമിതി യദ്യദമീ വദന്തി.

തത്തത്ത്വമേവ ഭവതോസ്തി ന കിഞ്ചിദന്യത്സംജ്ഞാസു കേവലമയം വിദുഷാം വിവാദഃ. ഇതി.

പരിഭാഷ - വിജ്ഞാനം എന്നാൽ കേവലമായ സാമാന്യബോധം. ഉപാധിയോടും നാമരൂപങ്ങളോടും കൂടാത്തതുമായിട്ടു കൂടി അനാദിയായുള്ള വാസനകൾ ഉണരുമ്പോൾ നീല, മഞ്ഞ തുടങ്ങിയ ബാഹ്യാവസ്ഥകളോടും, സുഖം ദുഃഖം തുടങ്ങിയ ആന്തരികാവസ്ഥകളോടും കൂടി വിവിധങ്ങളായി പ്രകാശിക്കുന്നു. ഇപ്രകാരമാണ് വിജ്ഞാനവാദികളായ ബൌദ്ധന്മാരുടെ അഭിപ്രായം.

'പുരുഷൻ തന്നെയാണ് ഇക്കാണുന്നതെല്ലാം', 'നാനാ വൈവിദ്ധ്യങ്ങൾ ഇവിടെയില്ല' എന്നീ യുക്തികളാൽ എല്ലാത്തിലും അടങ്ങിയിരിക്കുന്ന അന്തര്യാമിയായ ബ്രഹ്മം തന്നെയാണ് അനാദിയായ അവിദ്യയുടെ സ്വാധീന

ത്താൽ ഭദമായി കാണപ്പെടുന്നത് എന്നു ബ്രഹ്മവാദികൾ.

ഇപ്പറഞ്ഞ രണ്ടു മതക്കാരും പരമമായതിന്റെ സ്വാതന്ത്ര്യമാണ് വിശ്വ നിർമ്മാണത്തിനു കാരണമെന്നു പറയുന്നില്ല.

പ്രാണ ബ്രഹ്മവാദികളാകട്ടെ പ്രാണനം തന്നെയാണ് വിശ്വമാകെ വ്യാപിച്ചു കിടക്കുന്നതെന്നും പ്രാണനമല്ലാതെ ബ്രഹ്മത്തിനു വേറെ സ്വരൂപമില്ലെന്നും അഭിപ്രായപ്പെടുന്നു. അപ്രകാരം വിമർശരൂപേണ ശബ്ദബ്രഹ്മത്തെ പറയുന്നു.

മറ്റു ചിലർ വൈരാജദേഹമാണ് ബ്രഹ്മത്തിന്റേതെന്നും അത് വിരാഡ്രൂപത്തോടുകൂടിയതാണെന്നും പറയുന്നു. അതിപ്രകാരം -

ആരുടെയാണോ അഗ്നി മുഖവും, സ്വർഗ്ഗം മൂർദ്ധാവും, ആകാശം നാഭിയും, ഭൂമി കാലുകളും, സൂര്യൻ കണ്ണുകളും, ദിക്കുകൾ ചെവികളും ആയുള്ളത് അങ്ങനെയുള്ള ലോകമാകുന്ന ആത്മാവിനു നമസ്കാരം.

ജാതി എന്ന മഹാ സത്താരൂപമായതും സാമാന്യമായതുമായ വസ്തു പരമാർത്ഥമായ സത്താണെന്നു വൈശേഷികന്മാർ പറയുന്നു.

വേറെ ചിലർ പിണ്ഡം അഥവാ വ്യക്തി തന്നെയാണ് പരമാർത്ഥമായ സത്യമെന്നു പറയുന്നു. അനേക ഗുണങ്ങളുടെ ആശ്രയമായ സാമാന്യം എന്നൊരു വസ്തു ഇല്ല എന്നും വ്യക്തികളോടു മാത്രമേ വ്യവഹാരം സാദ്ധ്യമാകൂ എന്നിരിക്കെ സാമാന്യം എന്നൊരു പ്രതിഭാസത്തിനു പ്രസക്തിയില്ലെന്നും തുടങ്ങിയ നാനായുക്തികളെക്കൊണ്ട് സാമാന്യത്തെ വിമർശിച്ചിട്ട് 'വ്യക്തികളെ അനുഗമിക്കുന്നില്ല', 'സാമാന്യമെന്നൊരു തത്ത്വമില്ല' എന്നിങ്ങനെ പ്രസ്താവിച്ച് ജാതി എന്നതിന്റെ പാരമാർത്ഥ്യത്തെ മാനിക്കുന്നില്ല.

ഇപ്രകാരം വിജ്ഞാനവാദികൾ തുടങ്ങി വ്യക്തി തുടങ്ങിയവ വരെയുള്ള അഭിപ്രായഭേദങ്ങളെല്ലാം വ്യവഹാര മാത്രമാണ്. ഈ സ്വാതന്ത്ര്യവാദമായ പരമാദ്വയവാദപ്രകാരം പ്രകാശിക്കുന്ന വസ്തുവായ മഹേശ്വരനെ നിഷേധിക്കാൻ സാധിക്കാത്തതിനാൽ വിജ്ഞാനാദിഭേദം സംവൃതിസത്യരൂപത്തിൽ നിലനില്ക്കുന്നതാണ് പരമാർത്ഥത്തിലല്ല. അതിനാൽ എകമായ പരമപ്രകാശപരമാർത്ഥവും സ്വതന്ത്രചൈതന്യവുമായ മഹേശ്വരൻ അതിൽ നിന്നും ഭിന്നമായി പ്രകാശിക്കാത്തതായ ഒന്നുമില്ല എന്നതിനാൽ ഇപ്രകാരമൊക്കെ വിവിധങ്ങളായി പ്രകാശിക്കുന്നു. [പ്രമാണമായി താഴെ കാണുന്ന ശ്ലോകം]

ദർശനങ്ങളിൽ ബുദ്ധി ചെലുത്തുന്നവർ സ്വബുദ്ധികൊണ്ട് കണ്ടുപിടിച്ച് ഇതാണ് ഇതാണ് എന്നു പറയുന്നതെല്ലാം അവിടുത്തെ തത്ത്വം തന്നെയാണ്. വിദ്വാന്മാരുടെ വൃഥാവിവാദങ്ങൾ മാത്രമാണ് വിവിധ സംജ്ഞകൾ.

# ഭഗവദ്ഗീതാ - ഒരു പുനർവായന (26)

എൽ. ഗിരീഷ് കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

ശ്രീഭഗവാനുവാച

*ത്വം മാനുഷ്യേണോപഹതാന്തരാത്മാ*
*വിഷാദമോഹാഭിഭവാദ്വിസംജ്ഞഃ*
*കൃപാഗൃഹീതഃ സമവേക്ഷ്യ ബന്ധൂ-*
*നഭിപ്രപന്നാന്മുഖമന്തകസ്യ* 11

ഭഗവാൻ ഇവിടെ ചിരിച്ചുകൊണ്ട് അർജ്ജുനനോട് പറയുകയാണ്. മുമ്പ് അങ്ങനെ അല്ലായിരുന്നു. എന്തുകൊണ്ടെന്നാൽ അർജ്ജുനനെ ഉണർത്താൻ വേണ്ടിയായിരുന്നു. അർജ്ജുനൻ ഇപ്പോൾ മാനുഷികമായിട്ടുള്ള ഒരു കാര്യമാണ്. ഒരു പ്രതിസന്ധി വരുമ്പോൾ തളരുന്നതും സ്വന്തം തളർച്ചയ്ക്ക് പലവിധത്തിലുള്ള ന്യായീകരണങ്ങൾ നിരത്തുന്നതും തികച്ചും മാനുഷികമാണെന്ന് ഇവിടെ ശ്രീകൃഷ്ണൻ പറയുന്നു. നിന്റെ അന്തരാത്മാവ് അതായത് ബോധം മാനുഷികമായ കാരണങ്ങളാൽ മൂടപ്പെട്ടതാണ്. അറിവില്ലായ്മ കാരണമാണ് പരിമിതിയാൽ മൂടലുകൾ ഉണ്ടാകുന്നത്. ആ മൂടലുകളാണ് വിഷാദവും മോഹവും വരുത്തുന്നത്. ആദ്യമായാണ് വിഷാദമെന്ന വാക്ക് വരുന്നത്. വിഷാദവും മോഹവും കൊണ്ട് കീഴടക്കപ്പെട്ടവനായതുകൊണ്ടാണ് അർജ്ജുനന് ഈ പരിമിതികൾ ഉണ്ടാകുന്നത്. വിഷാദവും മോഹവും ഉണ്ടാകാനുള്ള കാരണം ദയയുള്ളവനായിത്തിർന്നതുകൊണ്ടാണ്. മരണത്തിലേയ്ക്ക് പ്രവേശിച്ച് കഴിഞ്ഞിരിയ്ക്കുന്ന തന്റെ ബന്ധുക്കളെ കണ്ടിട്ട് അവരോടാണ് അർജ്ജുനന്റെ ഈ ദയ. മാനുഷികമായ കൃപയാണ് ദയ. കൃപ പരിമിതികളിൽ നിന്നാണ് ഉണ്ടാകുന്നത്. താൻ ഏതോ തരത്തിൽ ശ്രേഷ്ഠനാണ് എന്ന ധാരണയിൽ നിന്നാണ് ശ്രേഷ്ഠരല്ല എന്ന് തനിക്ക് തോന്നുന്നവരോട് കൃപ ഉണ്ടാകുന്നത്. സാമ്പത്തികമായി താൻ വളരെ സൗഭാഗ്യങ്ങൾ അനുഭവിക്കുന്നു അതില്ലാത്തവർ കഷ്ടപ്പെടുന്നു എന്നുള്ള ഭാവനയുണ്ടാകുമ്പോഴാണ് പണമുള്ളവർക്ക് ഇല്ലാത്തവരോട് ദയ ഉണ്ടാകുന്നത്. അപ്പോൾ ദയ പരിമിതികളിൽ നിന്ന് വരുന്ന ഒരു വികാരം മാത്രമാണ്. ആ വികാരം കൊണ്ട് താൻ ഒരിക്കലും മരിക്കുകയില്ല എന്ന ധാരണയിൽ നിന്നാണ് മരണത്തിലേയ്ക്ക് നടന്ന് കയറിക്കൊണ്ടിരിയ്ക്കുന്നവരെ കാണുമ്പോൾ കൃപ ഉണ്ടാകുന്നത്. താനും അവരും ഒരിക്കൽ മരിയ്ക്കും എന്ന് തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ ഈ

വിഷാദവും മോഹവും ഒന്നും അർജ്ജുനന് ഉണ്ടാവില്ലായിരുന്നു. കൃപ ഉണ്ടായത് അർജ്ജുനൻ അറില്ലാത്തവനായതുകൊണ്ടാണ് എന്ന് വിസംജ്ഞഃ എന്ന പദം പറയുന്നു. തന്റെ കൂട്ടരൊഴിച്ച് ബാക്കിയെല്ലാരും തന്നാൽ കൊല്ലപ്പെടും തന്റെ കൂട്ടരെല്ലാം ഒരിക്കലും മരിക്കില്ല എന്നുമുള്ള ധാരണ വച്ച് പുലർത്തിയതുകൊണ്ടാണ് ഈ ദയ അർജ്ജുനന് ഉണ്ടായത്. ഈ ധാരണ തെറ്റ് എന്ന് ഇവിടെ ഭഗവാൻ പറയുന്നു. ജനിച്ച എല്ലാവരും മരണമുഖത്തേയ്ക്ക് നടന്ന് അടുത്തുകൊണ്ടിരിയ്ക്കുകയാണ് എന്ന് പറയുന്നു.

അങ്ങനെ മരണമുഖത്തേയ്ക്ക് നടന്ന് അടുത്തുകൊണ്ടിരിയ്ക്കുന്നവരെ കണ്ടപ്പോൾ അർജ്ജുനന് കൃപ ( ദയ ) ഉണ്ടായി. കൃപയിൽ നിന്ന് തിരിച്ചറിവില്ലായ്മയും അതിൽ നിന്ന് വിഷാദവും മോഹവും അർജ്ജുനന് ഉണ്ടായി. അവ ഉണ്ടായപ്പോൾ ആത്മബോധം വിളങ്ങാതായി. ഇതൊന്നും കുഴപ്പമുള്ളതല്ല. എന്തെന്നാൽ ഇതെല്ലാം മാനുഷികമാണ്.

*സമ്യക് ജ്ഞായതേ അനേന ഇതി സംജ്ഞം.*
*തസ്മാത് വിനിവൃത്തഃ സമ്യക് ജ്ഞാനശൂന്യഃ ഇത്യർത്ഥഃ*

നല്ലവണ്ണം അറിയുന്നതാണ് സംജ്ഞം. അതിൽ നിന്ന് നിവർത്തിച്ചവൻ. നല്ലവണ്ണമുള്ള അറിവില്ലാത്തവൻ. എന്താണ് നല്ലവണ്ണമുള്ള അറിവ് എന്ന് നോക്കാം. പ്രഭാജിയുടെ ഹിന്ദിയിലേയ്ക്ക് തർജ്ജുമ ചെയ്ത അഭിനവഗുപ്താപാദരുടെ ഭാഷ്യം.

വിഗതസംജ്ഞാനോസി കുതോ ഹേതോഃ? മാനുഷ്യേണേ സംശയവിപര്യയ ബഹുലേന ഉപഹതാന്തരാത്മാ പ്രത്യഭിജ്ഞാഭാവാത് തിരസ്കൃതസത്യാത്മസ്വരൂപഃ വർതസേ ഇതി.

നല്ലവണ്ണം അറിവില്ലാത്തവനാകുവാൻ എന്താണ് കാരണം? എന്നാണ് ഈ ചോദ്യത്തിന് അർത്ഥം. സംശയ വൈരുദ്ധ്യങ്ങളെകൊണ്ടുള്ള ബാഹുല്യം. വിരുദ്ധങ്ങളായ സംശയങ്ങളെകൊണ്ടുള്ള ബാഹുല്യം. ഉണ്ടോ എന്ന് സംശയം ഉണ്ടാകുമ്പോൾ തന്നെ ഇല്ലേ എന്ന് സംശയം ഉണ്ടാകും. ഒരു സംശയത്തിന് കടകവിരുദ്ധമായ മറ്റൊരു സംശയം ഉണ്ടാകും. അങ്ങനെ വിരുദ്ധങ്ങളായ സംശയങ്ങളുടെ ബാഹുല്യം. അങ്ങനെ സംശയം ഉണ്ടാകുന്നത് മാനുഷികമാണ്. അങ്ങനെയുള്ള മാനുഷികമായ പരിമിതികളെകൊണ്ട് ഉപഹതമായമായിട്ടുള്ള അന്തരാത്മാവ്. ഉപഹതമെന്നാൽ മൂടപ്പെട്ടത്. മൂടപ്പെട്ടതായ (മറയ്ക്കപ്പെട്ടതായ) തന്റെ ആത്മബോധം. തിരിച്ചറിവില്ലാത്തതുകൊണ്ട് തിരസ്കൃതമായ (നഷ്ടപ്പെട്ടതായിട്ടുള്ള) ആത്മബോധം. താൻ ശരിയ്ക്കും ആരാണെന്നറിയാതെ പരിമിതമായ ബോധത്തോടുകൂടി പ്രവർത്തിയ്ക്കുന്നവൻ. ആ പ്രവൃത്തി മാനുഷികമാണ്. ഒരു രീതിയിലും കുറ്റം പറയേണ്ടതില്ല. മനുഷ്യനായി പരിമിത ബോധസ്വരൂപനായിത്തീർന്നിട്ടുള്ളത് ആ അപരിമിത ബോധസ്വരൂപം തന്നെയാണ്.

ഈ ശ്ലോകം പ്രചാരത്തിലുള്ള ഗീതയിൽ ഇല്ല.

## അഭിനവഗുപ്തവ്യാഖ്യാനം

***മാനുഷ്യം മനുഷ്യഭാവഃ. അന്തകമുഖം സ്വയമേതേ പ്രവിഷ്ടാ ഇതി തവ കോ ബാധഃ.***

മനുഷ്യന്റെ ഭാവമാണ് മാനുഷ്യം. സ്വയം അന്തകന്റെ മുഖത്തിലേയ്ക്ക് പ്രവേശിച്ച ഇവരുടെ മരണത്തിൽ നിനക്കെന്താ കാര്യം. താൻ ഇവരെയെല്ലാം കൊന്ന് കഴിഞ്ഞാൽ എന്റെ സമൂഹത്തിൽ ഉണ്ടാകാൻ പോകുന്ന ധർമ്മച്യുതികളെ പറ്റി ആലോചിച്ചിട്ടാണ് അർജ്ജുനൻ ഈ തളർച്ചയുള്ളവനായിത്തീർന്നത്. തന്റെ പ്രവൃത്തിയുടെ പരിണതഫലങ്ങളെക്കുറിച്ച് ആലോചിച്ചിട്ടാണ് തളർച്ചയുണ്ടായിട്ടുള്ളത്.

***അശോച്യാനനുശോചംസ്ത്വം പ്രാജ്ഞവന്നഭിഭാഷസേ***
***ഗതാസൂനഗതാസൂംശ്ച നാനുശോചന്തി പണ്ഡിതാഃ*** 12

ദുഃഖിക്കേണ്ടുന്ന ആവശ്യമില്ലാത്തവരെപ്പറ്റി നീ ദുഃഖിയ്ക്കുന്നു. എന്നിട്ട് നീ അറിവുള്ളവരെ പോലെ അല്ല സംസാരിയ്ക്കുന്നത്. അറിവില്ലാത്തവരുടെ വാക്കുകളാണ് നീ ഉപയോഗിയ്ക്കുന്നത്. ദുഃഖിയ്ക്കേണ്ടാത്തവരെപ്പറ്റിയല്ല നീ സംസാരിയ്ക്കുന്നത്. വിസംജ്ഞഃ എന്ന പദം വിശദീകരിയ്ക്കുകയാണ്. ആ അറിവില്ലായ്മയെ ഒന്നും കൂടി വിശദമാക്കുകയാണ് ഈ ശ്ലോകത്തിലൂടെ ഭഗവാൻ ചെയ്യുന്നത്.

## പ്രചാരത്തിലുള്ള പാഠം

***അശോച്യാനനുശോചസ്ത്വം പ്രജ്ഞവാദാംശ്ച ഭാഷസേ***
***ഗതാസൂനഗതാസൂംശ്ച നാനുശോചന്തി പണ്ഡിതാഃ***

ഈ ശ്ലോകം മുതലാണ് പല വ്യാഖ്യാനങ്ങളും തുടങ്ങുന്നത്.

അർജ്ജുനൻ ആരെപ്പറ്റിയാണോ ദുഃഖിയ്ക്കാൻ ആവശ്യമില്ലാത്തത് അവരെക്കുറിച്ചോർത്ത് ദുഃഖിയ്ക്കുന്നു. മാത്രമല്ല എന്നിട്ട് അറിവുള്ളവരെ പോലെ അർജ്ജുനൻ സംസാരിയ്ക്കുന്നുമില്ല. അതായത് അറിവില്ലാത്തവരെ പോലെ സംസാരിയ്ക്കുന്നു. പണ്ഡിതന്മാർ അതായത് അറിവുള്ളവരാകട്ടെ മരിച്ച് പോയവരെക്കുറിച്ചോർത്തും മരിയ്ക്കാത്തവരെക്കുറിച്ചോർത്തും ദുഃഖിയ്ക്കുന്നില്ല.

ഗതാസൂൻ പ്രാണൻ പോയവർ. അതായത് മരിച്ചവർ. അഗതാസൂൻ പ്രാണൻ പോകാത്തവർ ആണ്. ജീവിച്ചിരിയ്ക്കുന്നവരെ പറ്റിയും മരിച്ചവരെ പറ്റിയും അറിവുള്ളവർ ദുഃഖിയ്ക്കാറില്ല. എന്നാൽ അർജ്ജുനൻ ദുഃഖിയ്ക്കേണ്ടാത്തവരെപ്പറ്റി ദുഃഖിയ്ക്കുന്നു. ഇതിന്റെ സൂചന കഴിഞ്ഞ ശ്ലോകത്തിൽ കാണാം. അതാണ് അഭിപ്രപന്നാന്മുഖമന്തകസ്യ എന്നിങ്ങനെ ആ ശ്ലോകത്തിൽ പറ

യുന്നത് . സ്വയം അന്തകമുഖത്തിൽ പ്രവേശിച്ചവരെ താൻ കൊല്ലുന്നതിന്റെ പിരിണതഫലത്തെക്കുറിച്ചോർത്ത് അർജ്ജുനൻ ദുഃഖിയ്ക്കുന്നു. വാസ്തവത്തിൽ അതിന്റെ ആവശ്യമില്ല.

ശോചിതുമശക്യം കലേവരം - സദാ നശ്വരത്വാത്, അശോചനാർഹമാത്മാനം ച ശോചസി. കശ്ചിത് ഗതാസുഃ - മൃതഃ, അഗതാസുഃ - ജീവന്വാ ശോച്യോസ്തി. തഥാഹി - ആത്മാ താവദവിനാശീ നാനാശരീരേഷു സംചരതഃ കാസ്യ ശോച്യതാ. ന ച ദേഹാന്തരസംചരേ ഏവ ശോച്യതാ. ഏവം ഹി യൗവനാദാവപി ശോച്യതാ ഭവേത്.

ശരീരത്തിന്റെ നാശത്തെക്കുറിച്ച് ദുഃഖിയ്ക്കേണ്ട ആവശ്യമില്ല. ദുഃഖിയ്ക്കേണ്ടാത്തതിനെ പറ്റി ദുഃഖിയ്ക്കേണ്ട. ശരീരം സദാ മാറിക്കൊണ്ടിരിയ്ക്കുന്നതാണ്. അതാണ് ഇവിടെ നശ്വരം എന്ന വാക്ക് കൊണ്ട് ഉദ്ദേശിച്ചത്. സദാ മാറ്റത്തിന് വിധേയമാണ് ശരീരം എന്നതുകൊണ്ട് ശരീരത്തിൽ ഉണ്ടാകുന്ന മാറ്റത്തെ കുറിച്ച് ആലോചിച്ച് ദുഖിക്കേണ്ട കാര്യമില്ല. ആത്മാവിനോ ബോധത്തിനോ യാതൊരു മാറ്റമില്ല . മാറിക്കൊണ്ടിരിയ്ക്കുന്ന ഈ ശരീരത്തിൽ മാറ്റമില്ലാതെയിരിയ്ക്കുന്ന ബോധത്തെക്കുറിച്ച് ദുഖിയ്ക്കേണ്ട ഒരു കാര്യവുമില്ല. അതുകൊണ്ട് മാറിക്കൊണ്ടിരിയ്ക്കുന്ന ശരീരത്തെക്കുറിച്ചോ മാറിക്കൊണ്ടിരിയ്ക്കുന്ന ശരീരത്തിലെ ബോധത്തെക്കുറിച്ചോ ദുഃഖിയ്ക്കേണ്ട കാര്യമില്ല എന്നർത്ഥം.

ജീവിച്ചിരിയ്ക്കുന്നവരെ കുറിച്ചോ മരിച്ചവരെക്കുറിച്ചോ ദുഃഖിയ്ക്കേണ്ട.

ആത്മാവ് വിവിധ ശരീരങ്ങളിലൂടെ സഞ്ചരിച്ച് കൊണ്ടിരിയ്ക്കുന്നു. ഒരു വണ്ട് വിവിധ പൂക്കളിൽ ചെന്നിരുന്ന് തേൻ കുടിയ്ക്കുന്നതുപോലെ ഒരാത്മാവ് ഓരോരോ ശരീരങ്ങളിൽ ചെന്ന് ജീവിതസുഖമനുഭവിയ്ക്കുന്നു.

ഉപേക്ഷിച്ച പോയ പൂക്കളെക്കുറിച്ച് വണ്ടുകൾ ദുഃഖിച്ചിരുന്നുവെങ്കിൽ വണ്ടുകൾ പട്ടണി കിടന്നേനെ. അതുപോലെ ആത്മാവ് വിവിധ ശരീരങ്ങൾ സ്വീകരിയ്ക്കുന്നത് വിവിധ തരത്തിലുള്ള അനുഭവങ്ങൾ ലഭിയ്ക്കുവാൻ വേണ്ടിയാണ്. അപരിമിതമായത് പരിമിതമാകുന്നത് അതിന്റെ അപരിമിത സാധ്യതകളെക്കുറിച്ച് അറിയാൻ വേണ്ടീട്ടാണ്. അപരിമിതമായതിന് പരിമിതമാകേണ്ട ഒരു കാര്യവുമില്ല. വിവിധ ശരീരങ്ങളിലുള്ള അനുഭവം വ്യത്യസ്തമാണ്. പല്ലിയായും പാറ്റയായും പുലിയായും മാനായും വിവിധ ശരീരങ്ങളിലൂടെ ജീവിയ്ക്കുമ്പോൾ വ്യത്യസ്താനുഭവമാണ്. വേട്ടയാടുന്നവന്റെ അനുഭവമല്ല വേട്ടയാടപ്പെടുന്നയാളുടേത്. എല്ലാവിധത്തിലുമുള്ള ജീവിതാനുഭവങ്ങളെല്ലാം ലഭിയ്ക്കാൻ വേണ്ടി വേട്ടമൃഗമായും ഇരയായുമെല്ലാം മറ്റു പലതായുമെല്ലാം ജനിയ്ക്കുന്നു. ഇപ്രകാരം വിവിധ ജീവിതാനുഭവങ്ങൾക്കുവേണ്ടി മാറ്റമില്ലാതെ (യാതൊരുവിധ പരിണാമങ്ങൾക്കും വിധേയമാവാതെ) നിൽക്കുന്ന ആത്മാവിനെക്കുറിച്ചോർത്ത് ദുഃഖിയ്ക്കേണ്ട ആവശ്യമെന്ത്? കൂടാതെ ദേഹാന്തര സഞ്ചാരത്തെക്കുറിച്ചോർത്തും ദുഃഖിയ്ക്കേണ്ടതില്ല. ഒരു ദേഹത്തിൽ നിന്ന് മറ്റൊരു ദേഹത്തിലേയ്ക്ക് മാറി

മാറി സഞ്ചരിയ്ക്കുന്നതിൽ ദുഃഖിയ്ക്കുകയാണെങ്കിൽ ഒരേ ശരീരത്തിലുള്ള അവസ്ഥാവ്യത്യാസത്തിലും ദുഃഖിയ്ക്കണം. എന്തെന്നാൽ കൗമാര കാലത്തിലുള്ള ശരീരമല്ല യൗവനകാലത്തിലുള്ളത്, യൗവനകാലത്തിലുള്ള ശരീരമല്ല വാർദ്ധക്യ കാലത്തിലുള്ളത്. അതുകൊണ്ട് മാറിക്കൊണ്ടിരിയ്ക്കുന്ന അവസ്ഥകളോടുകൂടിയ ഈ ശരീരത്തിലും ദുഃഖിയ്ക്കണം. ഒരോ നിമിഷത്തിലും നമ്മുടെ ശരീരങ്ങൾക്ക് മാറ്റം സംഭവിക്കുന്നു. അഞ്ചാമത്തെ വയസ്സിലുള്ള കോശമല്ല അമ്പതാമത്തെ വയസ്സിലുള്ളത്. അതായത് ഒരോ നിമിഷത്തിലും ശരീരത്തിന് മാറ്റം സംഭവിയ്ക്കുന്നു. അങ്ങനെ ഒരോ അവസ്ഥകളിലും നടക്കുന്ന ശരീരമാറ്റങ്ങളിൽ നാം ദുഃഖിക്കാറില്ല. പിന്നെ ഈ ആത്മാവിന്റെ വിവിധ ശരീരങ്ങളിലൂടെയുള്ള വിനോദസഞ്ചരത്തെ എന്തിനാണ് ദുഃഖിയ്ക്കുന്നത്.

*ഏവമർഥദ്വയമാഹ*

ഇപ്രകാരം രണ്ട് അർത്ഥങ്ങളും പറഞ്ഞു. ശരീരത്തിന്റെ ഭാഗത്ത് നിന്ന് കൊണ്ട് ചിന്തിച്ചാലും ആത്മാവിന്റെ ഭാഗത്ത് നിന്ന് ചിന്തിച്ചാലും ദുഃഖിയ്ക്കേണ്ട കാര്യമില്ല. ഇത് നിത്യജീവിതത്തിൽ വളരെ പ്രയോജനം ചെയ്യും.

*നഹ്യേവാഹം ജാതു നാസം ന ത്വം നേമേ ജനാധിപാഃ*
*ന ചൈവ ന ഭവിഷ്യാമഃ സർവേ വയമിതഃ പരം* 13

ഞാൻ ഇതിനു മുമ്പ് ഇല്ലാതിരുന്നിട്ടില്ല. നീയും ഈ യുദ്ധക്കളത്തിൽ നിൽക്കുന്ന യോദ്ധാക്കളും ഇതിനു മുമ്പ് ഇല്ലാതിരുന്നിട്ടില്ല. നമ്മൾ പണ്ടും ഉണ്ടായിരുന്നു. നമ്മൾ ഭാവിയിൽ ഇല്ലാതിരിയ്ക്കുകയുമില്ല. ഇപ്പോൾ ഇവിടെ ഉണ്ട് ഭാവിയിലും ഉണ്ടായിരിക്കും.

*ദേഹിനോസ്മിൻ യഥാ ദേഹേ കൗമാരം യൗവനം ജരാ*
*തഥാ ദേഹാന്തരപ്രാപ്തിർധീരസ്തത്ര മുഹ്യതി.* 14

ഈ ദേഹത്തിൽ ഏതു പോലെയാണോ കൗമാരാവസ്ഥയും യൗവനാവസ്ഥയും ജരയും അതേപോലെയാണ് ഒരു ദേഹം വെടിഞ്ഞ് മറ്റൊരു ദേഹം പ്രാപിയ്ക്കുന്നത്. ധീരന്മാർ ദേഹം വെടിയുന്നതിനും മറ്റൊരു ദേഹം സ്വീകരിക്കുന്നതിലും ദുഃഖിക്കാറില്ല.

ശ്രീകൃഷ്ണൻ അർജ്ജുനനോട് പറയുകയാണ്. അർജ്ജുനന്റെ ഭയം താൻ ഈ യോദ്ധാക്കളെ കൊല്ലുമെന്നല്ലേ? സാധിയ്ക്കുകയില്ല എന്ന് ഭഗവാൻ പറയുന്നു. ശരീരത്തിന്റെ തലത്തിലും ബോധത്തിന്റെ തലത്തിലും നിന്ന് നോക്കിയാലും കൊല്ലാൻ സാധിയ്ക്കുകയില്ല. ഇതിനു മുമ്പും ഇപ്പോഴും ഭാവിയിലും നമ്മൾ ഉണ്ടായിരിക്കും.

(തുടരും)

# ലളിതാസഹസ്രനാമം (37)

എൽ. ഗിരീഷ് കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

വിടർന്ന താമരപ്പൂവിനകത്ത് നാലു ഭാഗത്തും വെളുത്ത ആനകളാൽ ചൊരിയുന്ന വെള്ളം കൊണ്ട് നനഞ്ഞിരിക്കുന്നതും മുകളിലെ രണ്ട് കൈക ളിലും താമരകൾ പിടിച്ചിരിക്കുന്നതും താഴെ കൈകളിൽ അഭയവരദങ്ങൾ ധരിച്ചിരിക്കുന്നതുമായ സുന്ദരികളിൽ സുന്ദരിയാണ് കമലാ അഥവാ മഹാലക്ഷ്മി. ദശമഹാവിദ്യകളിലെ പത്താമത്തെ ആ മഹാലക്ഷ്മിയാണ് ഈ നാമത്തിലൂടെ പറഞ്ഞത്.

## മൃഡപ്രിയ

മൃഡന് പ്രിയയായവൾ. മൃഡൻ ശിവൻ ആണ്. ശിവന്റെ പ്രിയയാണ് മൃഡപ്രിയ. മൃഡൻ സന്തോഷത്തെ തരുന്നവൻ എന്നർത്ഥം. സന്തോഷത്തെ തരുന്ന ശിവന് പ്രിയയാണ് ഈ ദേവി. ശിവന്റെ പ്രിയ എന്നർത്ഥം.

## മഹായോഗേശ്വരേശ്വരീ

മഹായോഗേശ്വരന്മാരുടെയും ഈശ്വരിയായവൾ. യോഗവിദ്യകളിൽ നിഷ്ണാതരായവരാണ് യോഗേശ്വരന്മാർ. അവരുടെയും കൂടി ഈശ്വരിയാണ് ദേവി. യോഗശാസ്ത്രപ്രകാരം സാധന ചെയ്യുന്ന ആൾക്കാർ ദേവതോപസനയിൽ മുഴുകാറില്ല. യോഗസമ്പ്രദായ പ്രകാരം സൂക്ഷിക്കേണ്ടുന്ന രണ്ടു കാര്യങ്ങളാണ് ലോകത്തുള്ളത്. ഒന്ന് ദേവതകളും പിന്നെ ഒന്ന് അഹംബോധവും. അഹങ്കാരത്തെയും ദേവതകളെയും സൂക്ഷിക്കണമെന്ന് പതഞ്ജലിമഹർഷി ആവശ്യപ്പെട്ടിട്ടുണ്ട്. കാരണം ഇതു രണ്ടും പ്രപഞ്ചത്തെ നിലനിർത്തുന്നതാണ്. ദേവതകളുടെ കർത്തവ്യം ഈ പ്രപഞ്ചത്തെ കാത്തു സംരക്ഷിക്കുക എന്നതാണ്. ഈ പ്രപഞ്ചം പ്രപഞ്ചമായി നിലനിൽക്കുന്നതിന് ചുമതലപ്പെട്ട വരെ ആരാധിച്ചാൽ അവർ ഈ പ്രപഞ്ചത്തിൽ നിന്ന് പുറത്തേയ്ക്ക് പോകുവാൻ നമ്മളെ അനുവദിക്കുകയില്ല. അഹംബോധവും അപ്രകാരം തന്നെയാണ്. അതുകൊണ്ട് യോഗേശ്വരന്മാർ ഒരു ദേവതകളെയും ആരാധിക്കറില്ല. എന്നാൽ ത്രിപുരസുന്ദരിയെ അവർ ആരാധിക്കുന്നു. യോഗേശ്വരൻ ശിവനാകുന്നു. അപ്പോൾ ശിവനാൽ പോലും ആരാധിക്കപ്പെടുന്നവളാണ് ഈ ദേവി എന്നർത്ഥം ഈ നാമത്തിന് വന്നു ചേരുന്നു. മറ്റൊരു ഈശ്വരനെയും ആരാധിക്കാത്തവരാൽ പോലും ആരാധിയ്ക്കപ്പെടുന്നവൾ.

(തുടരും)

RNI Registration Number – KERMAL/2012/56910



Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda, Thrissur, Kerala,680712. Editor: D.Prakash